بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّيْ عَلٰى رَسُوْلِهِ الْكَرِيْمِ   وَعَلٰى عَبْدِهِ الْمَسِيْحِ الْمَوْعُوْدِ

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly **BADAR** Qadian Malayalam

ലക്കം 7

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഫെബ്രുവരി 16/ഹി:ശം:1396 തബ്‌ലീഗ് 16/ഹി:ഖ: 1438 ജ:അവ്വൽ 18

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 13-01-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരി ഹീ.

**ഏതൊരു ജമാഅത്തിലാണോ തന്റെ ജീവൻ ഈ വഴിയിൽ ബലിയർപ്പിക്കുകയും അല്ലാഹുവിൽനിന്ന് ഇൽഹാം പ്രാപിച്ച് എന്നെ സത്യപ്പെടുത്തുകയും ചെയ്ത അബ്ദുല്ലത്ത്വീഫ് ശഹീദിനെപ്പോലുള്ള സത്യസന്ധരും ഇൽഹാമുണ്ടാകുന്നവരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അത്തരം ജമാഅത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നത് തഖ്‌വയിൽപ്പെട്ടതാണോ? ഒരു വ്യാജമനുഷ്യനുവേണ്ടി ഇത്രമാത്രം അനുരക്തിപരമായ ആവേശം ഒരു പരിശുദ്ധ പ്രകൃതിയുള്ള സാത്വികനായ ജ്ഞാനിയിൽനിന്ന് എങ്ങനെ ഉണ്ടാകാനാണ്?**

**അല്ലാഹുവിന്റെ വഴിയിൽ തന്റെ ഭാര്യയേയും കുട്ടികളേയും തന്റെ പ്രിയപ്പെട്ട ജീവനേയും വകവെക്കാതിരുന്ന അബ്ദുല്ലത്ത്വീഫ് ശഹീദ് മർഹൂം സത്യസന്ധനും മുത്തഖിയുമായ അല്ലാഹുവിന്റെ ദാസനായിരുന്നു. അവർ ഹഖ്ഖാനീ ഉലമായാണ്. (സത്യപാതയിൽ ചരിക്കുന്ന ജ്ഞാനികളാണ്). അവരുടെ വാക്കുകളും കർമങ്ങളും അനുസരിക്കപ്പെടാൻ യോഗ്യമാണ്. അദ്ദേഹം അവസാനംവരെ ദൈവവഴിയിൽ തന്റെ സത്യസന്ധത നിറവേറ്റി.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**17. ദൃഷ്ടാന്തം:** ഈ വ്യക്തി സത്യത്തിലാണെന്നും മസീഹ് മൗഊദാണെന്നുമുള്ള മൗലവി സാഹിബ് സാദ അബ്ദുല്ലത്ത്വീഫ് സാഹിബ് ശഹീദിനുണ്ടായ ഇൽഹാമും അതിനോടൊപ്പം തുർച്ചയായുണ്ടായ നിരവധി സ്വപ്നങ്ങളും മൗലവിസാഹിബിന് ഇസ്തിഖാമത്ത് പ്രദാനം ചെയ്തു. അവസാനം അദ്ദേഹം എന്നെ സത്യപ്പെടുത്തുന്നതിനുവേണ്ടി കാബൂളിന്റെ മണ്ണിൽ കാബുൾ അമീറിന്റെ കല്പനയാൽ ജീവൻ നല്കി. ആ വ്യക്തിയുടെ ബയ്അത്ത് ഉപേക്ഷിക്കുകയാണെങ്കിൽ മുമ്പത്തെക്കാളധികം താങ്കളെ ആദരിക്കുന്നതാണെന്ന് നിരവധി തവണ അമീർ ഉപദേശിക്കുകയുണ്ടായി. എന്നാൽ, അദ്ദേഹം പറഞ്ഞു: 'ഈമാനെക്കാൾ ജീവനെ മുന്തിക്കാൻ എനിക്കു സാധിക്കുകയില്ല.' അവസാനം അദ്ദേഹം ഈ വഴിയിൽ ജീവൻ നല്കി. അദ്ദേഹം പറഞ്ഞു:'ഈ വഴിയിൽ അല്ലാഹുവിന്റെ സമ്പ്രീതിക്കുവേണ്ടി ജീവൻ നല്കാൻ ഞാനിഷ്ടപ്പെടുന്നു.' അപ്പോൾ അദ്ദേഹം കല്ലെറിഞ്ഞ് ശഹീദാക്കപ്പെട്ടു. ഏതുരീതിയിലുള്ള ഇസ്തിഖാമത്ത് (സ്ഥൈര്യം)കാണിച്ചെന്നാൽ, ആഹ്! എന്ന ശബ്ദംപോലും അദ്ദേഹത്തിന്റെ വായിൽനിന്ന് പുറപ്പെട്ടില്ല. 40 ദിവസംവരെ അദ്ദേഹത്തിന്റെ മൃതശരീരം കല്ലുകൾകൊണ്ട് മൂടപ്പെട്ടുകിടന്നു. പിന്നീട് അഹ്മദ് നൂർ എന്നുപേരുള്ള ഒരു ശിഷ്യൻ അദ്ദേഹത്തിന്റെ മൃതശരീരം ഖബ്റടക്കി. അദ്ദേഹത്തിന്റെ ഖബ്റിൽനിന്ന് ഇപ്പോഴും കസ്തൂരിയുടെ സുഗന്ധം വരുന്നുവെന്ന് വിവരിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ഒരു മുടി ഇവിടെ എത്തിച്ചു. അതിൽനിന്ന് ഇപ്പോഴും കസ്തൂരിയുടെ സുഗന്ധം വരുന്നു. നമ്മുടെ ബയ്ത്തുദ്ദുആയുടെ ഒരു കോണിൽ ഒരു കുപ്പിയിൽ അത് തൂക്കിയിട്ടിട്ടുണ്ട്. ഈ കച്ചവടം ഒരു കറ്റുകെട്ടുകാരന്റെ ചതിയായിരുന്നെങ്കിൽ പരേതനായ ശഹീദിന് ഇത്ര വിദൂരമായ സ്ഥലത്തുനിന്ന് എന്തിനാണ് എന്റെ സത്യത്തെ കുറിച്ച് ഇൽഹാമുണ്ടായത്? എന്തിനാണ് നിരന്തരം സ്വപ്നമുണ്ടായത്? അദ്ദേഹത്തിന് എന്റെ പേരുപോലും അറിയുമായിരുന്നില്ല. പഞ്ചാബിൽ മസീഹ് മൗഊദ് ജനിച്ചിരിക്കുന്നുവെന്ന് അല്ലാഹു തന്നെ എന്നെ കുറിച്ച് അദ്ദേഹത്തിന് അറിയിച്ചുകൊടുത്തു. അപ്പോൾ അദ്ദേഹം പഞ്ചാബിലെ വാർത്തകൾ അന്വേഷിക്കാൻ തുടങ്ങി. യഥാർഥത്തിൽ ഒരു വ്യക്തി പഞ്ചാബിലെ ഗുരുദാസ്പൂർ ജില്ലയിൽ ഖാദിയാൻ പ്രദേശത്ത് മസീഹ് മൗഊദാണെന്ന് വാദിക്കുന്നുണ്ടെന്നുള്ള അറിവ് ലഭിച്ചപ്പോൾ എല്ലാം ഉപേക്ഷിച്ച് എന്നിലേക്കോടുകയും ഏകദേശം രണ്ടു മാസം ഇവിടെ താമസിക്കുകയും ചെയ്തു. പിന്നീട് തിരിച്ചുപോയപ്പോൾ ദ്രോഹികളായ ചാരപ്പണിക്കാരുടെ ചാരപ്പണിയാൽ അറസ്റ്റു ചെയ്യപ്പെട്ടു. അറസ്റ്റു ചെയ്തതിനുശേഷം സ്വന്തം ഭാര്യയുമായി കൂടിക്കാഴ്ച നടത്തുക എന്ന് പറയപ്പെട്ടപ്പോൾ പറഞ്ഞു: 'എനിക്ക് അവരെ കാണേണ്ട ആവശ്യമില്ല. ഞാൻ അവരെ അല്ലാഹുവിന് ഏല്പിച്ചുകൊടുക്കുകയാണ്.' കല്ലെറിഞ്ഞു കൊല്ലപ്പെടുമെന്നുള്ള കല്പന കേൾപ്പിക്കപ്പെട്ടപ്പോൾ പറഞ്ഞു:'നാല്പതു ദിവസത്തിലേറെ മരിച്ചവനായി ഇരിക്കുകയില്ല.' മുഅ്മിൻ മരിച്ചു കഴിഞ്ഞാൽ കുറച്ചുദിവസത്തിനുശേഷം അല്ലെങ്കിൽ അങ്ങേയറ്റം നാല്പതു ദിവസത്തിനുള്ളിൽ ജീവിപ്പിക്കപ്പെടുകയും ആകാശത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യുമെന്ന് ദൈവഗ്രന്ഥങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നതിലേക്കുള്ള സൂചനയായിരുന്നു ഇത്. ഇന്നേവരെ നമുക്കും നമ്മുടെ എതിരാളികൾക്കും ഇടയിൽ ഹദ്റത്ത് ഈസാ(അ)ന്റെ റഫഅ(ഉയർത്തി)യെ സംബന്ധിച്ച് നടന്നുവരുന്ന കലഹമാണിത്. ദൈവഗ്രന്ഥമനുസരിച്ച് അദ്ദേഹത്തിന് ആത്മീയമായ ഉയർച്ച ഉണ്ടായി എന്നു വിശ്വസിക്കുന്നവരാണ് ഞങ്ങൾ. അവർ അല്ലാഹുവിന്റെ ഗ്രന്ഥത്തെ എതിർക്കുകയും ദൈവകല്പനയായ *ഖുൽ സുബ്ഹാന റബ്ബീ ഹൽ കുൻതു ഇല്ലാ ബശ്റർ റസൂലാ* എന്നതിനെ തങ്ങളുടെ കാലിന്നടിയിൽ വച്ചുകൊണ്ട് ശാരീരികമായി ഉയർന്നുവെന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ്. ഇയാൾ ദജ്ജാലാണെന്ന് എന്നെ കുറിച്ച് പറയുന്നു. കാരണം 30 ദജ്ജാൽ വരുമെന്ന് എഴുതിയിട്ടുണ്ടെന്ന് പറയുന്നു. 30 ദജ്ജാൽ വരുമെന്നാണെങ്കിൽ ഇക്കണക്കിന്റെ വെളിച്ചത്തിൽ ഓരോ ദജ്ജാലിനുമെതിരിൽ 30 മസീഹും വരേണ്ടതുണ്ടെന്ന് ഇവർ ചിന്തിക്കുന്നില്ല. ദജ്ജാൽ മുപ്പതും വന്നു. എന്നാൽ, ഒരു മസീഹുപോലും വന്നില്ല. ഇതെന്തൊരു കോപമാണ്. ദജ്ജാലുമാത്രം അവശേഷിക്കുകയും സത്യമസീഹിന്റെ മുഖം കാണാൻ ഭാഗ്യമുണ്ടാകാതിരിക്കുകയും ചെയ്യുന്ന ഈ സമുദായം എത്രമാത്രം നിർഭാഗ്യരാണ്. വാസ്തവത്തിൽ ഇസ്റായേലി പരമ്പരയിൽ നൂറുക്കണക്കിന് നബിമാർ വന്നിരുന്നു.

ചുരുക്കത്തിൽ ഏതൊരു ജമാഅത്തിലാണോ തന്റെ ജീവൻ ഈ വഴിയിൽ ബലിയർപ്പിക്കുകയും അല്ലാഹുവിൽനിന്ന് ഇൽഹാം പ്രാപിച്ച് എന്നെ സത്യപ്പെടുത്തുകയും ചെയ്ത അബ്ദുല്ലത്ത്വീഫ് ശഹീദിനെപ്പോലുള്ള സത്യസന്ധരും ഇൽഹാമുണ്ടാകുന്നവരും സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് അത്തരം ജമാഅത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നത് തഖ്‌വയിൽപ്പെട്ടതാണോ? ഒരു വ്യാജമനുഷ്യനുവേണ്ടി ഇത്രമാത്രം അനുരക്തിപരമായ ആവേശം ഒരു പരിശുദ്ധ പ്രകൃതിയുള്ള സാത്വികനായ ജ്ഞാനിയിൽനിന്ന് എങ്ങനെയുണ്ടാകാനാണ്?.............

സാഹിബ് സാദ മൗലവി അബ്ദുല്ലത്ത്വീഫ് ശഹീദ് തന്റെ ചോരകൊണ്ട് സത്യത്തിന് സാക്ഷി പറഞ്ഞു. അൽ ഇസ്തിഖാമത്തു ഫൗഖൽ കറാമത്തി എന്നാൽ, ഈരണ്ടു രൂപകൊണ്ട് തങ്ങളുടെ ഫത്‌വകൾ മാറിക്കൊണ്ടിരിക്കുന്നു എന്നത് ഇക്കാലത്തെ ഭൂരിപക്ഷം ഉലമായിന്റേയും ചട്ടമാണ്. അവരുടെ സംസാരങ്ങൾ അല്ലാഹുവിനെ ഭയന്നുകൊണ്ടുള്ളതല്ല മറിച്ച് ആത്മാവിന്റെ ആവേശത്താലുള്ളതാണ്. എന്നാൽ, അല്ലാഹുവിന്റെ വഴിയിൽ തന്റെ ഭാര്യയേയും കുട്ടികളേയും തന്റെ പ്രിയപ്പെട്ട ജീവനേയും വകവെക്കാതിരുന്ന അബ്ദുല്ലത്ത്വീഫ് ശഹീദ് മർഹൂം സത്യസന്ധനും മുത്തഖിയുമായ അല്ലാഹുവിന്റെ ദാസനായിരുന്നു. അവർ ഹഖ്ഖാനീ ഉലമായാണ്. (സത്യപാതയിൽ ചരിക്കുന്ന ജ്ഞാനികളാണ്). അവരുടെ വാക്കുകളും കർമങ്ങളും അനുസരിക്കപ്പെടാൻ യോഗ്യമാണ്. അദ്ദേഹം അവസാനംവരെ ദൈവവഴിയിൽ തന്റെ സത്യസന്ധത നിറവേറ്റി.

**(ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ വാല്യം 22 പേജ് 210-213)**

## തിരുത്ത്

ബദർ വാല്യം 2 ലക്കം 3-ലെ മുഖപേജിൽ, ഖാല റസൂലുല്ലാഹി(സ) ഇന്നല്ലാഹ യബ്അഥു... ..... എന്നു തുടങ്ങുന്ന നബിവചനത്തിന്റെ അറബി വാക്യം അനുചിതമായി വന്നു പോയിട്ടുണ്ട്. ലേഔട്ട് ചെയ്തപ്പോഴുണ്ടായ ഈ പിഴവിൽ ഖേദിക്കുന്നു.

(സഹ:പത്രാധിപർ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദർ ബോർഡ്,ഖാദിയാൻ

# ഏറ്റവുമധികം ഞാൻ സ്വലാത്ത് ചൊല്ലലാണ്. റബ്ബി ഇന്നീ ലിമാ അൻസൽത്ത ഇലയ്യ മിൻഖയ്റിൻ ഫക്കീർ എന്ന ദുആ എനിക്ക് ഇഷ്ടപ്പെട്ടതാണ്.

## 2013 ഒക്ടോബർ 13 വെള്ളിയാഴ്ച കനഡയിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസുമായി നടന്ന വഖ്ഫെനൗ പെൺകുട്ടികളുടെ ക്ലാസ്സും വിലയേറിയ ഉപദേശങ്ങളും

ചോദ്യം : ഇമാം മഹ്ദി സയ്യിദ് കുടുംബത്തിൽനിന്നാണ് വരേണ്ടതെന്ന് എന്റെ കൂട്ടുകാരി പറയുന്നു?

അമീറുൽ മുഅ്മിനീൻ പറഞ്ഞു: എവിടെയാണ് എഴുതിയിട്ടുള്ളതെന്ന് കൂട്ടുകാരിയോട് ചോദിക്കുക. ജുമുഅ എന്ന അധ്യായം ഇറങ്ങിത്തുടങ്ങി. *വ ആഖരീന മിൻഹും ലമ്മാ യൽഹക്കൂബിഹിം* എന്ന വചനത്തിലെത്തിയപ്പോൾ– ആദ്യം വന്നവരുമായി ചേർക്കുന്ന ഒരാൾ അവസാനകൂട്ടരിലും ഉണ്ടാകുന്നതാണ്, അവർ ഇവരുമായി ഇതുവരെ ചേർന്നിട്ടില്ല, പിന്നീട് കൂടിച്ചേരുന്നതാണ്– സ്വഹാബാക്കൾ ചോദിച്ചു, 'ആ വ്യക്തി ആരാണ്?'. നബി(സ)തിരുമേനി മറുപടി നൽകിയില്ല. രണ്ടാമതും ചോദിച്ചു. മറുപടി നൽകിയില്ല. മൂന്നാമതും അവർ ചോദിച്ചതിനുശേഷം ഹദ്റത്ത് സൽമാനുൽ ഫാരിസി(റ) – അറബികളുടെ ആ മജ്ലിസിൽ അദ്ദേഹം മാത്രമേ ഒരു അനറബിയായി ഉണ്ടായിരുന്നുള്ളു, അദ്ദേഹം ഇറാൻകാരനായിരുന്നു– അദ്ദേഹത്തിന്റെ തോളിൽ കൈവെച്ചുകൊണ്ട് പറഞ്ഞു ഇവരിൽനിന്നായിരിക്കും ആ വ്യക്തി വരിക. ഇവരിൽനിന്ന് എന്നതിന്റെ ഉദ്ദേശ്യം അദ്ദേഹം പേർഷ്യൻവംശത്തിൽനിന്നായിരിക്കും. അല്ലെങ്കിൽ ആ വ്യക്തി അനറബിയായിരിക്കുമെന്നാണ്. അനറബിയാകുമ്പോൾ സയ്യിദ് കുടുംബത്തിൽനിന്ന് എങ്ങനെ വരാനാണ്. അപ്പോൾ 'സയ്യിദ്' എന്ന പ്രശ്നം പരിഹരിക്കപ്പെട്ടു. നബി(സ) തിരുമേനി ആ വ്യക്തി സയ്യിദായിരിക്കുകയില്ല എന്നു പറഞ്ഞ് പ്രശ്നം പരിഹരിച്ചുതന്നു. അദ്ദേഹം അറബിയായിരിക്കുകയില്ലെന്നും പറഞ്ഞു. ഇനി ആരാണ് ഈ സയ്യിദ്? ഇവിടെ നമ്മൾ സയ്യിദ്, സയ്യിദ് എന്ന് പറഞ്ഞ് നടക്കുന്നുണ്ട്. പക്ഷേ, അറബികളുടെ ഇടയിൽ ചെന്നാൽ സയ്യിദ് ആരാണെന്ന് അറിയാനേ കഴിയില്ല. അവിടെ എല്ലാ ഓരോ കക്ഷികളുടേയും അവരുടേതായ പീറുമാരാണുള്ളത്. സുഹൃത്തിനോട് പറയുക. ഖുർആൻ കൊണ്ടോ ഹദീസ് കൊണ്ടോ സ്ഥാപിച്ചുകാണിക്കാൻ! അറബികളിൽനിന്ന് എന്തുകൊണ്ട് വന്നില്ല അല്ലെങ്കിൽ മറ്റൊരു രാജ്യത്ത് എന്തുകൊണ്ട് വന്നില്ല ഇന്ത്യയുടെ അവസ്ഥ മാത്രമായിരുന്നോ അന്ന് മോശമായിരുന്നതെന്ന് ആളുകൾ ചോദിക്കാറുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിയമിതനായ കാലത്ത് ഏറ്റവും വലിയ മുസ്ലിം രാജ്യം അതായിരുന്നു. വൻരാഷ്ട്രങ്ങളിൽ ആ രാജ്യം എങ്ങനെയുള്ളതായിരുന്നെന്നാൽ ഭൂരിപക്ഷമാളുകളും ഇസ്ലാം ദീനിന്റെ അടിസ്ഥാനത്തിൽ അധഃപതിച്ചു പോയിരുന്നു. ഇസ്ലാമികാധ്യാപനങ്ങളിൽനിന്ന് അകന്നുപോയ്ക്കൊണ്ടിരിക്കുകയായിരുന്നു. മൂന്ന് ലക്ഷം മുസ്ലിംകളാണ് ക്രിസ്ത്യാനികളായത്. ക്രിസ്ത്യാനികൾ ഇത്രയധികം പ്രബോധനങ്ങൾ അക്കാലത്ത് അവിടെ നടത്തിയിരുന്നു. അത്തരം സ്ഥലത്തായിരുന്നു വാഗ്ദത്തമസീഹ് വരേണ്ടിയിരുന്നത്. അങ്ങനെ അദ്ദേഹം വന്നു.

ചോദ്യം: നിങ്ങളുടെ ജമാഅത്തിൽ ഒരാൾ മുർത്തദ്ദാകുന്നതെങ്ങനെയാണെന്ന് എന്റെ ഒരു കൂട്ടുകാരി ചോദിക്കുന്നു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു. ജമാഅത്തിൽനിന്ന് പുറത്താക്കിയാൽ മുർത്തദ്ദ് എന്നു പറയുകയില്ല. സ്വയം ജമാഅത്ത് ഉപേക്ഷിച്ചുപോകുന്നവനാണ് മുർത്തദ്ദ്. ഇർത്തദാദിന്റെ ഉദ്ദേശ്യം വിട്ടുപോകുക, നിഷേധിക്കുക എന്നാണ്. അയാളെ ആണ് മുർത്തദ്ദ് എന്നു പറയുന്നത്. പുറത്താക്കിക്കൊണ്ട് ശിക്ഷ നൽകുന്ന ഒന്നുണ്ട്. ഒരാൾ മറ്റൊരാളുടെ അവകാശം പിടിച്ചുവെച്ചു. അത് കൊടുക്കുന്നില്ല. ഭർത്താവ് ഭാര്യയുടെ അവകാശം കൊടുക്കുന്നില്ലായെന്ന് ഖളവിധി പുറപ്പെടുവിച്ചു. അല്ലെങ്കിൽ ഒരുത്തൻ മറ്റൊരുത്തനെ അടിച്ചു. ഒരുവൻ മറ്റൊരാളുടെ അവകാശം കൈവശപ്പെടുത്തി. അല്ലെങ്കിൽ ഏതെങ്കിലും വിധത്തിലുള്ള അക്രമം കാണിച്ചു. അല്ലെങ്കിൽ ജമാഅത്ത് വ്യവസ്ഥിതിയെ ലംഘിച്ചു. താങ്കൾ തെറ്റാണ് ചെയ്യുന്നതെന്ന് പറയുന്നതിനുവേണ്ടി അയാളെ ജമാഅത്തിൽനിന്ന് പുറത്താക്കിക്കൊണ്ടുള്ള ശിക്ഷ നൽകുന്നു. മാപ്പ് ചോദിച്ചാൽ തിരിച്ചുവരികയും ചെയ്യും. മാപ്പ് ചോദിക്കാത്തവൻ മടങ്ങിവരികയില്ല. ഭൂരിഭാഗവും മാപ്പ് ചോദിച്ചുവരാറുണ്ട്. ശിക്ഷ എന്തായാലും കിട്ടണമല്ലോ. ചീത്തകാര്യം ചെയ്താൽ ശിക്ഷ കിട്ടേണ്ടതാണ്. ഇതിനാണ് പുറത്താക്കുക എന്നു പറയുന്നത്. പുറത്താക്കലും മതപരിത്യാഗവും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഏതെങ്കിലും പെൺകുട്ടി അന്യമതക്കാരനുമായി വിവാഹം ചെയ്താൽ പുറത്താക്കൽ ഉണ്ടാകും. ഇസ്ലാം എന്ത് പാഠം നൽകുന്നു എന്നതാണ് പ്രശ്നം. ഇസ്ലാം പറയുന്നത് പെൺകുട്ടി തന്റെ ചാരിത്ര്യവും അഭിമാനവും കാത്തുസൂക്ഷിക്കണമെന്നാണ്. അത് ചെയ്യാത്തവൾ തെറ്റാണ് ചെയ്യുന്നത്. അവൾ ഇസ്ലാമിക അധ്യാപനമനുസരിച്ച് നടക്കുന്നില്ലായെന്നറിഞ്ഞാൽ നമ്മൾ അവളോട് പറയും നീ ഇസ്ലാമികാധ്യാപനമനുസരിച്ച് പ്രവർത്തിക്കാത്തതുകൊണ്ടും നമ്മളും നീയും തമ്മിൽ ഒരു ബന്ധവുമില്ല. നമ്മൾ അവളെ അടിക്കുന്നില്ല അവളുടെ തലതല്ലിപ്പൊളിക്കുന്നില്ല. ആരേയും ഒരു കുറ്റവും പറയുന്നില്ല. നമ്മൾ പറയുന്നത് ശരി, നീയും ഞങ്ങളും തമ്മിൽ ഇനിയൊരു ബന്ധവുമില്ലെന്നാണ്. നിന്റെ പേര് ഇനി ഞങ്ങൾ ജമാഅത്തിൽ ഉൾപ്പെടുത്തുകയില്ല. നിന്നിൽനിന്ന് മാസവരി വാങ്ങുകയില്ല. ഒരു സ്വാധീനവും നിനക്കില്ലെങ്കിൽ ഞങ്ങളുടെ കൂടെയിരുന്നിട്ട് നിനക്കെന്ത് ഫലമുണ്ടാകാനാണ്? ആരുടെ സ്വാധീനമാണോ നിന്നിൽ അധികമുള്ളത് നീ അവരോടൊപ്പം പോയ്ക്കൊള്ളുക. ഇതുകൊണ്ടുമാത്രമാണ് പുറത്താക്കുന്നത്. വിവാഹം കഴിക്കുക നിങ്ങൾ ഇഷ്ടപ്പെടുന്നവരുമായി വിവാഹം നടത്തുക എന്ന് ഇസ്ലാം പറയുന്നു. നബി(സ) തിരുമേനിയും പറഞ്ഞു. വിവാഹത്തിന് ചെറുക്കനും പെണ്ണും ഇഷ്ടപ്പെടണമെന്ന്. പക്ഷേ അതിന് ശരിയായ മാർഗ്ഗമുണ്ട്. അതാണ് സ്വീകരിക്കേണ്ടത്. മാതാവും പിതാവും സമ്മതിക്കുന്നില്ലെങ്കിൽ കാലത്തിന്റെ ഖലീഫക്ക് എഴുതാവുന്നതാണ്. പല പെൺകുട്ടികളും അങ്ങനെ എഴുതാറുമുണ്ട്. പിന്നീട് അവരുടെ ഇഷ്ടമനുസരിച്ച് വിവാഹവും നടക്കുന്നു. പക്ഷേ, അവർ അഹ്മദിയായിരിക്കണമെന്ന് മാത്രം. നിങ്ങൾ എവിടെ പോയാലും കോളേജിലോ, യൂണിവേഴ്സിറ്റിയിലോ ഏതെങ്കിലും ക്ലബ്ബിലോതന്നെയോ പോകുകയാണെങ്കിലും അടിസ്ഥാനപരമായ ചില നിയമങ്ങളും ചട്ടങ്ങളും അവിടെയുമുണ്ടാകും. നിങ്ങളത് ലംഘിക്കുകയാണെങ്കിൽ അവർ നിങ്ങളെ അവിടെനിന്ന് പുറത്താക്കും. ജമാഅത്തിനും നിയമങ്ങളുണ്ട്. അതിന്റെയുള്ളിൽ കഴിയേണ്ടതാണ്. അത് അല്ലാഹുവിന്റെ കല്പനയാണ്. നിങ്ങൾ അഹ്മദികളായ വഖ്ഫെനൗ പെൺകുട്ടികളാണ്. നിങ്ങൾ നിങ്ങളുടെ മതപരമായ അറിവുകൾ വർദ്ധിപ്പിക്കേണ്ടതാണ്. ഇത്തരം പുതിയ പുതിയ ചോദ്യങ്ങൾ ഉയരുമ്പോൾ സ്വയം മറുപടി കണ്ടെത്തുന്നതിന്.

ചോദ്യം: പ്യാരെ ഹുസൂർ, ഈ മുഹർറമിന്റെ മാസമെന്താണ്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു. ഇസ്ലാമിക മാസങ്ങളിൽ ഒരു മാസമാണ് മുഹർറം. മുഹർറം പത്തിനാണ് ഇമാം ഹുസൈനെ ശഹീദാക്കിയത്. ശിയാക്കൾ സ്വയം യസീദിനോടൊപ്പം ചേർന്ന് അദ്ദേഹത്തെ വധിക്കുകയായിരുന്നു. എന്നിട്ട് അവർ സ്വയം നെഞ്ചത്തടിച്ച് കരയുകയും ചെയ്യുന്നു. ഹദ്റത്ത് ഇമാം ഹുസൈനെ വധിക്കുകയായിരുന്നുവല്ലോ. അതിനുശേഷം ഒരു ശിയാകക്ഷി ഉടലെടുത്തു. ചിലയാളുകൾ ദുഃഖമാചരിക്കുന്നു. ഇമാം ഹുസൈൻ വധിക്കപ്പെട്ട ദിനമാണെന്ന് പറഞ്ഞ് നെഞ്ചത്തടിച്ച് വിലപിക്കുന്നു. കാരണം മുഹർറം 10 അവരുടെ ദുഃഖത്തിന്റെ വലിയ ദിവസമാണ്. അതുകൊണ്ടാണ് നമ്മൾ പറയുന്നത് ആ ദിവസങ്ങളിൽ ആരെങ്കിലും വിവാഹം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ പ്രത്യേകിച്ചും നമ്മുടെ ചുറ്റുപാടിൽ ഏതെങ്കിലും ശിയാ താമസിക്കുന്നുവെങ്കിൽ ആ ദിവസങ്ങളിൽ പരിപാടികളൊന്നും വെക്കരുത്. അത് അവർ ശരിയായ നിലപാടിലുള്ളവരാണെന്ന് നമ്മൾ മനസ്സിലാക്കുന്നതുകൊണ്ടല്ല. അവരെ മാനിച്ചുകൊണ്ടുമാത്രം. ആരെങ്കിലും ദീപാലങ്കാരം ചെയ്യുന്നുവെങ്കിൽ അവർ ചെയ്യാതിരിക്കേണ്ടതാണ്. ഉദാഹരണത്തിന് ഇവിടെ ഇവർ ദീപാലങ്കാരം ചെയ്തിട്ടുണ്ടായിരുന്നു. ഒരുപക്ഷേ ഏതെങ്കിലും ശിയാ ഇവിടെയുണ്ടാകും. ഇത് അവരുടെ ഹൃദയത്തിന് മുറിവുണ്ടാക്കും. വാസ്തവത്തിൽ അതിന് ബുദ്ധിപരമായ തെളിവൊന്നുമില്ല. എങ്കിലും അവരെ അത് വിഷമിപ്പിക്കും. അക്രമപരമായ നിലയിൽ നബി(സ) തിരുമേനിയുടെ ദൗഹിത്രൻ ശഹീദാക്കപ്പെട്ടു എന്നതുകൊണ്ട്.

ചോദ്യം: വാഖിഫാത്തെനൗ തന്റെ വിവാഹശേഷം എങ്ങനെയാണ് ജീവിക്കേണ്ടത്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു. ആദ്യം നിങ്ങൾ നിങ്ങളുടെ ഉമ്മയോടും ഉപ്പയോടും പറയുകയും നിങ്ങൾ സ്വയം അതിനുവേണ്ടി ശ്രമിക്കുകയും വേണം. സാത്വികനും മതപരമായ നിഷ്ഠയുള്ളവനും നമസ്കരിക്കുന്നവനും വഖ്ഫെനൗവിന്റെ പ്രവർത്തനങ്ങൾ നിറവേറ്റുന്നതിൽ തടസ്സം നിൽക്കാത്തവനുമായി വിവാഹം നടത്താൻ. രണ്ടാമത് വിവാഹം നടന്നുകഴിഞ്ഞാൽ വിവിധ സ്വഭാവക്കാരായിരിക്കുമല്ലോ ചിലപ്പോൾ അഡ്ജസ്റ്റുമെന്റ് ചെയ്യാൻ പ്രയാസമായിരിക്കും. അതുകൊണ്ട് ഓർമ്മിക്കുക. ആരും പരിപൂർണരല്ല. എല്ലാവരിലും ചെറിയ ചെറിയ കുറവുകളും തിന്മകളും പോരായ്മകളും ഉണ്ടാകും. അതിനാൽ ഏതെങ്കിലും ഭർത്താവ് ഏതെങ്കിലും ഭാര്യയിൽ പരസ്പരം തിന്മ കണ്ടാൽ തങ്ങളുടെ കണ്ണുകൾ അടച്ചുകളയുക. സംസാരിക്കേണ്ട ആവശ്യം വന്നാൽ ചർച്ച ചെയ്യേണ്ടിവന്നാൽ നാവടക്കുക. ആരെങ്കിലും നിങ്ങളുടെ അടുത്തുവന്ന് പരസ്പരമുള്ള കുറ്റം കേൾപ്പിക്കാമെന്ന് പറഞ്ഞാൽ ചെവി അടക്കുക. നല്ല കാര്യം കണ്ടാൽ പ്രശംസിക്കുക. നല്ലകാര്യം തീർച്ചയായും കേൾക്കേണ്ടതുതന്നെയാണ്. നോക്കൂ, അതിനാൽ ഈ മൂന്ന് കാര്യങ്ങളിൽനിന്ന് മുഖംതിരിക്കുക. മൂന്ന് കാര്യങ്ങൾ നമ്മൾ ചെയ്യുക. എന്നാൽ ജീവിതം എളുപ്പമാകുന്നതാണ്.

ചോദ്യം: അങ്ങേയ്ക്ക് ഇഷ്ടപ്പെട്ട ദുആ ഏതാണ്?

അമീറുൽ മുഅ്മിനീൻ പറഞ്ഞു. ഓരോ ദുആയും വിവിധ സമയങ്ങളിൽ ഇഷ്ടപ്പെട്ടതായിത്തീരുന്നു. ഏറ്റവുമധികം ഞാൻ സ്വലാത്ത് ചൊല്ലലാണ്. **റബ്ബി ഇന്നീ ലിമാ അൻസൽത്ത ഇലയ്യ മിൻഖയ്റിൻ ഫക്കീർ** എന്ന ദുആ എനിക്ക് ഇഷ്ടപ്പെട്ടതാണ്.

AL ISLAM

# ഖുത്ബ ജുമുഅ

**ചിലയാളുകൾ മനസ്സിലാക്കുന്നത് ദീനും മതവും അവരുടെ സ്വാതന്ത്ര്യത്തെ അപഹരിക്കുകയും അവരുടെമേൽ നിയന്ത്രണങ്ങൾ ഏർപെടുത്തുകയും ചെയ്യുന്നുവെന്നാണ്. പക്ഷേ, അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നത് നിങ്ങൾത്ത് ഇറക്കപ്പെട്ടിരിക്കുന്ന ഈ ദീൻ അതായത് ദീനെഇസ്‌ലാമിൽ നിങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്ന ഒരു കല്പനയുമില്ലെന്നാണ്. മറിച്ച് ചെറുതിൽ ചെറുതായ കല്പനമുതൽ വലുതിൽ വലുതായ കല്പനവരെയുള്ള എല്ലാ കല്പനകളും കാരുണ്യത്തിനും അനുഗ്രഹത്തിനും നിമിത്തമാണ്.**

---

**ചില കാര്യങ്ങൾ ബാഹ്യമായി നോക്കുമ്പോൾ ചെറുതായിരിക്കും. പക്ഷേ, കാലം കഴിയുന്നതിനോടൊപ്പം അവയെ നിസ്സാരമായി കാണുന്ന കാരണത്താൽ അതിന്റെ ഫലങ്ങൾ അങ്ങേയറ്റം ഭയാനകമായി രൂപം പ്രാപിക്കുന്നതാണ്. അതുകൊണ്ട് ഒരു സത്യവിശ്വാസി ഒരിക്കലും ഒരു കല്പനയും ചെറുതായി മനസ്സിലാക്കാൻ പാടില്ല.**

**നമുക്ക് മതത്തിൽ നില്ക്കണമെങ്കിൽ ദീനീപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കേണ്ടി വരുമെന്നുള്ള കാര്യമാണ് ഒന്നാമതായി എപ്പോഴും നമ്മൾ ഓർക്കേണ്ടത്. നമ്മൾ മുസ്‌ലിംകളാണെന്നും ദീനിൽ നിലകൊള്ളുന്നവരാണെന്നും വിളംബരം ചെയ്യുമ്പോൾ നിയന്ത്രണവും നിർബന്ധമാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കേണ്ടതും അനിവാര്യമാണ്. 'ഹയാ അഥവാ ലജ്ജ ഈമാന്റെ ഭാഗമാണ്. ലജ്ജയും വസ്ത്രവും പർദയും നമ്മുടെ ഈമാനെ രക്ഷിക്കുന്നതിന് നിർബന്ധമാണ്.**

**അഹ്മദീ ആൺകുട്ടികളും പെൺകുട്ടികളും പുരുഷന്മാരും സ്ത്രീകളുമെല്ലാം തങ്ങളുടെ ഹയാ അഥവാ ലജ്ജയുടെ നിലവാരം ഉയർത്തിക്കൊണ്ട് സമൂഹത്തിന്റെ അഴുക്കിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. അല്ലാതെ അപകർഷതാബോധത്തിന് ഇരയായി പർദ നിർബന്ധമായും ധരിക്കേണ്ട ആവശ്യമെന്താണ്? എന്തുകൊണ്ട് ടൈറ്റ് ജീൻസും ബ്ലൗസും ധരിച്ചുകൂടാ എന്നു ചോദിക്കുകയല്ല. ചെറിയ പ്രായംമുതലേ കുട്ടികൾക്ക് ഇസ്‌ലാമിക അധ്യാപനങ്ങളേയും സമൂഹത്തിലെ തിന്മകളേയും സംബന്ധിച്ച് പറഞ്ഞുകൊടുക്കുക എന്നത് മാതാപിതാക്കളുടെ പ്രത്യേകിച്ച് ഉമ്മമാരുടെ ജോലിയാണ്. അപ്പോഴാണ് നമ്മുടെ തലമുറകൾ ദീനിൽ നിലകൊള്ളുന്നവരാകുകയും നാമമാത്ര വികസ്വര സമൂഹത്തിന്റെ വിഷലിപ്തമായ അവസ്ഥയിൽനിന്ന് സുരക്ഷിതരായിരിക്കുകയും ചെയ്യുന്നത്. ഈ രാജ്യങ്ങളിൽ വസിച്ചുകൊണ്ട് മാതാപിതാക്കൾ കുട്ടികളെ മതവുമായി ചേർത്തു വെക്കുന്നതിനും ലജ്ജ കാത്തു സൂക്ഷിക്കുന്നതിനും വളരെയധികം ജിഹാദു ചെയ്യേണ്ട ആവശ്യമുണ്ട്. ഇതിനുവേണ്ടി തങ്ങളുടെ മാതൃകയും കാണിക്കേണ്ടതുണ്ട്.**

**ലജ്ജയ്ക്ക് ലജ്ജാശീലമുള്ള വസ്ത്രം നിർബന്ധമാണെന്ന കാര്യം എപ്പോഴും ഓർമിക്കേണ്ടതാണ്. പർദയുടെ ഇപ്പോൾ നടന്നു വരുന്ന രീതി ലജ്ജാശീലമുള്ള വസ്ത്രത്തിന്റെ തന്നെ ഒരു ഭാഗമാണ്.**

**മതപരമായ അധ്യാപനങ്ങളേയും പാരമ്പര്യങ്ങളേയും മുസ്‌ലിംകളുടെ ഉള്ളിൽനിന്ന് അവസാനിപ്പിക്കുന്നതിനുള്ള സമ്മർദമാണ് ഇസ്‌ലാം വിരോധശക്തികൾ ശക്തിമത്തായ നിലയിൽ ചെലുത്തിക്കൊണ്ടിരിക്കുന്നത്. അഭിപ്രായ സ്വാതന്ത്ര്യത്തിന്റേയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ബലാൽക്കാരത്തോടെ മതത്തെ നശിപ്പിക്കുന്നു എന്നുള്ള ഒരു പേരുദോഷവും തങ്ങൾക്ക് ഉണ്ടാകാത്ത വിധം അവസാനിപ്പിക്കാനുള്ള പരിശ്രമത്തിലാണ് അവരുള്ളത്. അവർ എങ്ങനെയും സഹതാപികളാണെന്ന് മനസ്സിലാക്കപ്പെടുകയും വേണം.**

**ഇക്കാലത്ത് ഇസ്‌ലാമിന്റെ പുനരുദ്ധാന പ്രവർത്തനം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനെയാണ് ഏല്പിച്ചിട്ടുള്ളത്. അതിനുവേണ്ടി നമുക്ക് തികവാർന്ന നിലയിൽ പരിശ്രമിക്കേണ്ടിവരും. ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരും. വഴക്കിടേണ്ട ആവശ്യമൊന്നും നമുക്കില്ല. പക്ഷേ, യുക്തിയോടു കൂടി അവരോടു പെരുമാറേണ്ടതാണ്. നമ്മുടെ മതാധ്യാപനങ്ങളുമായി ബന്ധപ്പെട്ട അവർ പറയുന്ന ഏതെങ്കിലും ഒരു കാര്യം ഇന്നു നമ്മൾ സമ്മതിച്ചു കൊടുക്കുകയാണെങ്കിൽ പിന്നീട് മെല്ലെ മെല്ലെ നമ്മുടെ ഒരുപാട് കാര്യങ്ങളുടേയും ഒരുപാട് അധ്യാപനങ്ങളുടേയുംമേൽ നിയന്ത്രണങ്ങൾ വന്നുകൊണ്ടേയിരിക്കും. അല്ലാഹു ഈ സാത്താനിക തന്ത്രങ്ങളെ നേരിടാൻ നമുക്ക് തന്റേടവും തൗഫീഖും നൽകുന്നതിനും നമ്മളെ സഹായിക്കുന്നതിനും നമ്മൾ ദുആകളിലും ശക്തി ചെലുത്തേണ്ടതാണ്. അല്ലാഹു ഈ സാത്താനിക തന്ത്രങ്ങളെ നേരിടാൻ നമുക്ക് തന്റേടവും തൗഫീഖും നൽകുന്നതിനും നമ്മളെ സഹായിക്കുന്നതിനും നമ്മൾ ദുആകളിലും ശക്തി ചെലുത്തേണ്ടതാണ്. നമ്മൾ സത്യത്തിൽ നിലകൊള്ളുന്നവരാണെങ്കിൽ –തീർച്ചയായും നമ്മൾ സത്യത്തിൽ നിലകൊള്ളുന്നവരാണ്– പിന്നീട് ഒരു നാൾ നമ്മുടെ വിജയവും സുനിശ്ചിതമാണ്. അതിനാൽ ദുഃആയോടുകൂടി നമ്മൾ ലോകത്തെകൊണ്ട് വിശ്വസിപ്പിക്കേണ്ടതാണ്. അതിന് അല്ലാഹുവുമായി ദൃഢബന്ധമുണ്ടാക്കേണ്ട ആവശ്യമുണ്ട്.**

**ഇക്കാലഘട്ടം വളരെ ഭയാനകമായ കാലഘട്ടമാണെന്ന് അഹ്മദികളായ നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്. ശയ്ത്വാൻ നാലു ഭാഗത്തുനിന്നും ശക്തമായ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. മുസ്‌ലീംകൾ പ്രത്യേകിച്ച് അഹ്മദീമുസ്‌ലിംകളായ പുരുഷന്മാരും സ്ത്രീകളും യുവാക്കളുമെല്ലാം മതമൂല്യങ്ങളെ നിലനിറുത്താൻ ശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ മക്കൾക്ക് ഒരു ജാമ്യവുമില്ല.**

---

**ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കുവേണ്ടി അല്ലാഹുവും അവന്റെ റസൂലും നല്കിയിട്ടുള്ള കല്പന പാലിക്കേണ്ടത് അനിവാര്യമാണ്. പർദയുടെ കഠിനമായനിയമങ്ങൾ സ്ത്രീകൾക്കു മാത്രമല്ല. ഇസ്‌ലാമിന്റെ നിയന്ത്രണങ്ങൾ സ്ത്രീകൾക്കു മാത്രമല്ല. മറിച്ച്, പുരുഷന്മാർക്കും സ്ത്രീകൾക്കും രണ്ടുപേർക്കും കല്പനയുണ്ട്. അല്ലാഹു ആദ്യം പുരുഷന്മാർക്ക് ലജ്ജയും പർദയുടെ രീതിയും പറഞ്ഞു കൊടുത്തു.**

---

**സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സ്വിമിംഗ് ചെയ്യുന്നതിന് അനുവാദമില്ലെങ്കിൽ സ്ത്രീകളുടെ ഇടയിൽപ്പോയി സ്വിമിംഗ് ചെയ്യാൻ പുരുഷന്മാർക്കും അനുവാദമില്ല. അതുകൊണ്ട് ഈ നിയന്ത്രണങ്ങൾ വെറും സ്ത്രീകൾക്കല്ല. മറിച്ച് പുരുഷന്മാർക്കുമാണ്. സ്ത്രീകളെ കാണുമ്പോൾ തങ്ങളുടെ ദൃഷ്ടി താഴോട്ടാക്കണമെന്ന കല്പന പുരുഷന്മാർക്ക് നല്കിക്കൊണ്ട് സ്ത്രീകളുടെ അഭിമാനം കാത്തുസൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇസ്‌ലാമിന്റെ എല്ലാ കല്പനകളും യുക്തിനിർഭരമാണ്. ദോഷങ്ങളുണ്ടാകുമെന്ന സാധ്യതകളെ അത് അകറ്റുന്നു.**

**ഞാൻ മുബല്ലിഗുമാരോടും അവരുടെ ഭാര്യമാരോടും പറയുകയാണ്. തങ്ങളുടെ വസ്ത്രങ്ങളും തങ്ങളുടെ ദൃഷ്ടികളും അവരും വളരെയധികം കാത്തുസൂക്ഷിക്കേണ്ടതാണ്. ജമാഅത്തംഗങ്ങൾ അവരുടെ മാതൃക വീക്ഷിക്കുന്നുണ്ട്. മുറബ്ബിയുടേയും മുബല്ലിഗിന്റേയും ഭാര്യയും മുറബ്ബിതന്നെയാണ്. അവരുടെ എല്ലാ കാര്യങ്ങളിലും ഉന്നത മാതൃക നിലനിറുത്തേണ്ടതാണ്. നമ്മുടെ പുരുഷന്മാരും നമ്മുടെ സ്ത്രീകളും ഹയായുടെ അഥവാ ലജ്ജയുടെ ഉന്നതനിലവാരം നിലനിറുത്തുന്നവരാകട്ടെ. ഇസ്‌ലാമിക കല്പനകളെല്ലാം എല്ലാ രീതിയിലും നമ്മൾ പാലിക്കുന്നവരാകട്ടെ.**

## പർദയെ സംബന്ധിച്ച് വിശുദ്ധ ഖുർആന്റേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും നിർദേശങ്ങളുടെ വെളിച്ചത്തിൽ ഇസ്‌ലാമികാധ്യാപനങ്ങളുടെ ചർച്ച. പർദയില്ലായുടെ നഷ്ടങ്ങൾ പറഞ്ഞുകൊണ്ട് അഹ്മദീമുസ്‌ലീംകൾ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മനസ്സിലാക്കാനും നിറവേറ്റാനും താക്കീത്.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2017 ജനുവരി 13/1396 സുൽഹ് 13**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ . اَلرَّحْمٰنِ الرَّحِيمِ . مٰلِكِ يَوْمِ الدِّينِ . إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ .
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ . صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ .

ചിലയാളുകൾ മനസ്സിലാക്കുന്നത് ദീനും മതവും അവരുടെ സ്വാതന്ത്ര്യത്തെ അപഹരിക്കുകയും അവരുടെമേൽ നിയന്ത്രണങ്ങൾ ഏർപെടുത്തുകയും ചെയ്യുന്നുവെന്നാണ്. പക്ഷേ, അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: *'വമാ ജഅല അലയ്ക്കും ഫിദ്ദീനി മിൻ ഹർജിൻ'* അതായത് ദീനിന്റെ അധ്യാപനത്തിൽ നിങ്ങൾക്ക് അവൻ ഒരു പ്രയാസവും ഉണ്ടാക്കിവച്ചിട്ടില്ല. (22:79)മറിച്ച് ശരീഅത്തിന്റെ ഉദ്ദേശ്യം മനുഷ്യന്റെ ഭാരങ്ങൾ കുറയ്ക്കുക എന്നതാണ്. ഇതു മാത്രമല്ല പ്രത്യുത അവനെ എല്ലാ തരത്തിലുള്ള വിപത്തുകളിൽനിന്നും അപകടങ്ങളിൽനിന്നും രക്ഷിക്കുക എന്നതാണ്. അല്ലാഹു ഈ പറഞ്ഞതിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നത് ദീൻ അതായത് നിങ്ങൾക്കുവേണ്ടി ഇറക്കപ്പെട്ടിരിക്കുന്ന ഇസ്‌ലാംദീനിൽ നിങ്ങളെ ബുദ്ധിമുട്ടിൽ അകപ്പെടുത്തുന്ന ഒരു കല്പനയുമില്ലെന്നാണ്. മറിച്ച് ചെറുതിൽ ചെറുതായ കല്പനമുതൽ വലുതിൽ വലുതായ കല്പനവരെയുള്ള എല്ലാ കല്പനകളും കാരുണ്യത്തിനും അനുഗ്രഹത്തിനും നിമിത്തമാണ്. അതിനാ

ൽ മനുഷ്യന്റെ ചിന്താഗതി തെറ്റാണ്. അല്ലാഹുവിന്റെ വചനം തെറ്റാകുകയില്ല. അല്ലാഹുവിന്റെ സൃഷ്ടികളായിക്കൊണ്ട് നമ്മൾ അവന്റെ കല്പനകളനുസരിച്ച് നടക്കുന്നില്ലെങ്കിൽ സ്വന്തം നഷ്ടമായിരിക്കും വരുത്തിവെക്കുക. മനുഷ്യൻ ചിന്തിക്കുന്നില്ലെങ്കിൽ, ലോകോല്പത്തിമുതൽ മനുഷ്യനെ വഴിപിഴപ്പിച്ച് നഷ്ടമുണ്ടാക്കുമെന്ന് പ്രതിജ്ഞ ചെയ്തിട്ടുള്ള ശയ്ത്വാൻ അവനെ നാശത്തിന്റെ ഗർത്തത്തിൽ ഇടുന്നതാണ്. അതിനാൽ ഈ ആക്രമണത്തിൽനിന്ന് രക്ഷപ്പെടണമെങ്കിൽ അല്ലാഹുവിന്റെ കല്പനകളെ അംഗീകരിക്കേണ്ടത് നിർബന്ധമാണ്. ചില കാര്യങ്ങൾ ബാഹ്യമായി നോക്കുമ്പോൾ ചെറുതായിരിക്കും. പക്ഷേ, കാലം കഴിയുന്നതോടൊപ്പം അവയെ നിസ്സാരവൽക്കരിക്കുന്ന കാരണത്താൽ അതിന്റെ ഫലങ്ങൾ അങ്ങേയറ്റം ഭയാനകമായി രൂപം പ്രാപിക്കുന്നതാണ്. അതുകൊണ്ട് ഒരു സത്യവിശ്വാസി ഒരിക്കലും ഒരു കല്പനയും ചെറുതായി മനസ്സിലാക്കാൻ പാടില്ല.

ഇക്കാലത്ത് ലോകത്തിലെ ഭൂരിപക്ഷമാളുകളും മത ത്തിൽനിന്ന് വേറിട്ടു പോയിരിക്കുന്നതായാണ് നമ്മൾ കാണുന്നത്. അതുകൊണ്ട് അവരുടെ തിന്മയുടേയും നന്മയുടേയും നിലവാരവും മാറിമറിഞ്ഞുപോയിരിക്കുന്നു. ഉദാഹരണത്തിന് സ്വാതന്ത്ര്യത്തിന്റേയും ഫാഷന്റേയും പേരിൽ സ്ത്രീപുരുഷന്മാരിൽ ലജ്ജയില്ലായ്മ സർവസാധാരണമായിക്കൊണ്ടിരിക്കുന്നതാണ് നമ്മൾ ഇക്കാലത്ത് കാണുന്നത്. പരസ്യമായി ലജ്ജാകരമായ പണി ചെയ്യുക എന്നതാണ് അവർ 'പുരോഗതി' നേടി എന്നതിന്റെ തെളിവ്! ഇന്ന് ലജ്ജയില്ലായ്മ ഒരു വസ്തുവുമല്ലാതായിരിക്കുന്നു. ഇതിന്റെ സ്വാധീനം നമ്മുടെ ആൺകുട്ടികളിലും പെൺകുട്ടികളിലും ഉണ്ടാകുന്നത് പ്രകടമാണ്. ഇവിടെ താമസിക്കുന്നവരും അങ്ങനെ കുറച്ചായിട്ടുണ്ട്. ഇസ്‌ലാമിൽ പർദയുടെ ആവശ്യമെന്താണെന്നും എന്തുകൊണ്ട് നമുക്ക് ഇടുങ്ങിയ ജീൻസും ബ്ലൗസും ധരിച്ച് പർദയൊന്നുമില്ലാതെയോ കോട്ടൊന്നും കൂടാതെയോ പുറത്തുപോയിക്കൂട? എന്നും ഇവിടത്തെ സ്വതന്ത്രകളായ യൂറോപ്യൻ പെൺകുട്ടികളെപോലെയുള്ള വസ്ത്രം നമുക്കെന്തുകൊണ്ട് ധരിച്ചുകൂട? എന്നും യുവത്വത്തിലേക്ക് കാലെടുത്തു വെക്കാൻ തുടങ്ങുന്ന ചില പെൺകുട്ടികൾ എനിക്കെഴുതുന്നു.

നമുക്ക് മതത്തിൽ നില്ക്കണമെങ്കിൽ ദീനീപരമായ അധ്യാപനമനുസരിച്ച് പ്രവർത്തിക്കേണ്ടി വരുമെന്നുള്ള കാര്യമാണ് ഒന്നാമതായി എപ്പോഴും നമ്മൾ ഓർക്കേണ്ടത്. നമ്മൾ മുസ്‌ലിംകളാണെന്നും ദീനിൽ നിലകൊള്ളുന്നവരാണെന്നും വിളംബരം ചെയ്യുമ്പോൾ നിയന്ത്രണവും നിർബന്ധമാണ്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. 'ഹയാ അഥവാ ലജ്ജ ഈമാന്റെ ഭാഗമാണ്' എന്ന് നബി(സ) തിരുമേനി പറഞ്ഞിരിക്കുന്നു. (സ്വഹീഹ് ബുഖാരി കിതാബുൽഈമാൻ ബാബ് ഉമൂറുൽ ഈമാൻ ഹദീഥ് 9)

അതുകൊണ്ട് ലജ്ജയും വസ്ത്രവും പർദയും നമ്മുടെ ഈമാനെ സംരക്ഷിക്കുന്നതിന് നിർബന്ധമാണ്. വികസിതരാജ്യങ്ങൾ സ്വാതന്ത്ര്യത്തിന്റേയും പുരോഗതിയുടേയും പേരിൽ തങ്ങളുടെ ലജ്ജയെ പാടെ ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. ഇവർ ദീനിൽനിന്ന് ദൂരപ്പെട്ടുപോയി കഴിഞ്ഞിരിക്കുന്നു എന്നതാണ് അതിനു കാരണം. ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിച്ചിട്ടുള്ള ഒരു അഹ്മദി പെൺകുട്ടി താൻ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തവളാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ച ഒരു അഹ്മദി ആൺകുട്ടിയും പുരുഷനും സ്ത്രീയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് പ്രതിജ്ഞ ചെയ്തവരാണ്. ഈ മുന്തിക്കൽ ഉണ്ടാകുന്നത് ദീനിന്റെ അധ്യാപനമനുസരിച്ച് കർമങ്ങൾ ചെയ്യുന്ന നേരത്താണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ കാര്യങ്ങളും നമ്മളോട് തുറന്നു പറഞ്ഞിരിക്കുന്നുവെന്നതും നമ്മുടെ ഭാഗ്യമാണ്. പർദയില്ലായ്മയേയും ലജ്ജയില്ലായ്മയേയും വിവരിച്ചുകൊണ്ട് അവിടന്ന് ഒരിടത്ത് പറയുന്നു:

'യൂറോപ്പിനെപോലെ പർദയില്ലായ്മയിലും ജനങ്ങൾ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുന്നു. പക്ഷേ, ഇതൊരിക്കലും ചേർന്നതല്ല. സ്ത്രീകളുടെ ഈ സ്വാതന്ത്ര്യമാണ് കുഴപ്പങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും അടിവേർ. ഇത്തരത്തിലുള്ള സ്വാതന്ത്ര്യത്തിന് അനുവാദം നല്കിയിട്ടുള്ള രാജ്യങ്ങളുടെ ധാർമികമാവസ്ഥ അല്പമൊന്നു നോക്കുക. അവരുടെ സ്വാതന്ത്ര്യവും പർദയില്ലായ്മയുംകൊണ്ട് അവരുടെ ചാരിത്രവും അവരുടെ പരിശുദ്ധിയും വർധിച്ചിട്ടുണ്ടെങ്കിൽ നാം പറയുന്നത് തെറ്റാണെന്ന് നാം അംഗീകരിക്കുന്നതാണ്. പുരുഷനും സ്ത്രീയും പ്രത്യേകിച്ച് അവർ യുവാക്കളായിരിക്കുകയും അവർക്കിടയിൽ മറയൊന്നും ഇല്ലാതിരിക്കുകയും ചെയ്താൽ അവിടെ ഉണ്ടാകുന്ന ബന്ധം ഭയാനകമായിരിക്കുമെന്ന കാര്യം വളരെ വ്യക്തമാണ്. ദുർന്നോട്ടവും വികാരങ്ങളുംകൊണ്ട് മിക്കപ്പോഴും ശരീരേച്ഛയ്ക്ക് അടിപ്പെട്ടുപോകുക എന്നത് മനുഷ്യന്റെ പ്രത്യേകതയാണ്. പർദയിൽ അസന്തുലിതത്വം ഉണ്ടാകുകയും കുഴപ്പങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും ഇരകളായിത്തീരുകയും ചെയ്യുന്ന സ്വാതന്ത്രാവസ്ഥയിൽ എന്തൊന്നാണ് ഉണ്ടാകാതിരിക്കുക. പുരുഷന്മാരുടെ അവസ്ഥയൊന്നു നോക്കുക. അവർ എത്രമാത്രം കടിഞ്ഞാണില്ലാത്ത കുതിരകളെപോലെയായിരിക്കുന്നു. അവർക്ക് ദൈവഭയമോ പരലോകത്തിൽ വിശ്വാസമോ ഇല്ല. ഭൗതികമായ സുഖാഢംബരങ്ങളെ തങ്ങളുടെ ആരാധ്യവസ്തുവായി വെച്ചിരിക്കുന്നു. അതുകൊണ്ട് ഈ സ്വാതന്ത്ര്യത്തിനും പർദയില്ലായ്മയ്ക്കും മുമ്പേ പുരുഷന്മാരുടെ ധാർമികാവസ്ഥ ശരിയാക്കിയെടുക്കുക എന്നതാണ് നിർബന്ധമായിട്ടുള്ള ഒന്നാമത്തെകാര്യം. ഇതു ശരിയാകുകയും കുറഞ്ഞത് തന്റെ ശരീരേച്ഛകൾക്ക് അടിപ്പെടാത്തത്ര കഴിവെങ്കിലും പുരുഷന്മാരിൽ ഉണ്ടാകുകയും ചെയ്യുമ്പോൾ പർദ നിർബന്ധമാണോ അല്ലയോ എന്ന വിഷയം ഉന്നയിക്കാവുന്നതാണ്. ഇല്ലെങ്കിൽ നിലവിലെ അവസ്ഥവച്ചുനോക്കുമ്പോൾ ഇക്കാര്യത്തിന്മേൽ സമ്മർദം ചെലുത്തുന്നത് അതായത് സ്വാതന്ത്ര്യവും പർദയില്ലായ്മയും ഉണ്ടാകണമെന്നത് സിംഹത്തിനു മുമ്പിൽ ആടുകളെ കൊണ്ടുവെക്കുന്നതുപോലെയാണ്. ഇവർക്കെന്താണ് പറ്റിയത്. ഇവർ ഏതെങ്കിലും കാര്യത്തെ സംബന്ധിച്ച് അതിന്റെ ഫലത്തിൽ ചിന്തിക്കുന്നില്ല. കുറഞ്ഞപക്ഷം തന്റെ ബുദ്ധിയെങ്കിലും പ്രയോഗിക്കുക. അതായത് പുരുഷന്മാരുടെ അവസ്ഥ അവരുടെ മുമ്പിൽ സ്ത്രീകളെ വെക്കാൻ പറ്റുന്നവിധത്തിൽ പരിഷ്കരിക്കപ്പെട്ടിട്ടുള്ളതാണോ?" (മൽഫൂദാത്ത് വാള്യം 7 പേജ് 134-135 1985 ലണ്ടൻ പതിപ്പ്).

ഇക്കാലത്ത് സമൂഹത്തിൽ നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന തിന്മകളോരോന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഓരോ വാക്കിനേയും സത്യപ്പെടുത്തുന്നതാണ്. അതിനാൽ, അഹ്മദീ ആൺകുട്ടികളും പെൺകുട്ടികളും പുരുഷന്മാരും സ്ത്രീകളുമെല്ലാം തങ്ങളുടെ ഹയാ അഥവാ ലജ്ജയുടെ നിലവാരം ഉയർത്തിക്കൊണ്ട് സമൂഹത്തിന്റെ അഴുക്കിൽനിന്ന് രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. അല്ലാതെ അപകർഷതാബോധത്തിന് ഇരയായി പർദ നിർബന്ധമായും ധരിക്കേണ്ട ആവശ്യമെന്താണ്? എന്തുകൊണ്ട് ടൈറ്റു ജീൻസും ബ്ലൗസും ധരിച്ചുകൂടാ എന്നു ചോദിക്കുകയല്ല. ചെറിയ പ്രായംമുതലേ കുട്ടികളെ ഇസ്‌ലാമിക അധ്യാപനങ്ങളേയും സമൂഹത്തിലെ തിന്മകളേയും സംബന്ധിച്ച് ബോധവാന്മാരാക്കുക എന്നത് മാതാപിതാക്കളുടെ പ്രത്യേകിച്ച് ഉമ്മമാരുടെ ജോലിയാണ്. അപ്പോഴാണ് നമ്മുടെ തലമുറകൾ ദീനിൽ നിലകൊള്ളുന്നവരാകുകയും നാമമാത്ര വികസിത സമൂഹത്തിന്റെ വിഷലിപ്തമായ അവസ്ഥയിൽനിന്ന് സുരക്ഷിതരായിരിക്കുകയും ചെയ്യുന്നത്. ഈ രാജ്യങ്ങളിൽ വസിച്ചുകൊണ്ട് മാതാപിതാക്കൾ കുട്ടികളെ മതവുമായി ചേർത്തു വെക്കുന്നതിനും ലജ്ജ കാത്തു സൂക്ഷിക്കുന്നതിനും വളരെയധികം ജിഹാദു ചെയ്യേണ്ട ആവശ്യമുണ്ട്. ഇതിനുവേണ്ടി തങ്ങളുടെ മാതൃകയും കാണിക്കേണ്ടതുണ്ട്.

'താൻ ഒരുപാട് പഠിച്ചിട്ടുണ്ടെന്നും തനിക്ക് ബാങ്കിൽ നല്ല ജോലി കിട്ടാൻ സാധ്യതയുണ്ടെന്നും പർദയിൽ നിയന്ത്രണമുണ്ടാകുമെന്നും കോട്ടു ധരിക്കാനും പറ്റുകയില്ലെന്നും ജോലികഴിഞ്ഞാൽ പർദ ധരിക്കാൻ കഴിയുമെന്നും ജോലി ചെയ്യുന്ന പെൺകുട്ടികൾ തങ്ങളുടെ ജോലി സ്ഥലത്ത് പർദ അഴിച്ചുവെച്ച് ജോലി ചെയ്യാമെന്ന് അങ്ങ് പറഞ്ഞതായി താൻ കേട്ടിരുന്നുവെന്നും തനിക്ക് അവിടെ ജോലിചെയ്യാൻ അനുവാദമുണ്ടോ എന്നാണ് താൻ ചോദിക്കുന്നതെന്നും എന്നോടു ഒരു പെൺകുട്ടി എഴുതി ചോദിച്ചിരുന്നു.' അങ്ങ് വിരോധിക്കുകയാണെങ്കിൽ താൻ ആ ജോലി ചെയ്യുകയില്ലെന്നും ആ പെൺകുട്ടി എഴുതിയിരിക്കുന്നു. ഈ പെൺകുട്ടിയിൽ കുറഞ്ഞപക്ഷം ഇത്രമാത്രം മര്യാദയുണ്ട്.

ഇത് ഞാൻ വിവരിക്കുന്നത് ഒരു കുട്ടിയുടേതല്ല മറിച്ച് പല പെൺകുട്ടികളുടേയും ചോദ്യമായതുകൊണ്ടാണ്. പറഞ്ഞു: ഡോക്ടർമാർക്ക് ചില പരിതഃസ്ഥിതികളിൽ നിർബന്ധിതരാകേണ്ടിവരുന്നു. അവിടെ പരമ്പരാഗതമായുള്ള ബുർഖയോ പർദയോ അണിഞ്ഞ് ജോലി ചെയ്യാൻ കഴിയില്ല. ഉദാഹരണത്തിന് ഓപ്പറേഷൻ ചെയ്യുമ്പോൾ. പക്ഷേ, അവിടെ അവരുടെ വസ്ത്രം എങ്ങനെയുള്ളതാണെന്നുവെച്ചാൽ തലയിൽ തൊപ്പിപോലും ധരിച്ചുകൊണ്ടാണ് ജോലി ചെയ്യുന്നത്. മാസ്കും അയഞ്ഞ വസ്ത്രങ്ങളും ധരിക്കുന്നു. ഇതേപോലെതന്നെ പുരുഷഡോക്ടർമാരും പർദയിലായിരിക്കും ജോലി ചെയ്യുക. റബ്‌വയിൽ നമ്മുടെ ഡോക്ടർമാരുണ്ടായിരുന്നു. ഡോ. ഫഹ്മിദയെ എപ്പോഴും നമ്മൾ പർദയിലാണ് കണ്ടിട്ടുള്ളത്. ഡോക്ടർ നുസ്റത്ത് എവിടെയായിരുന്നാലും കൃത്യമായ പർദ ധരിക്കുമായിരുന്നു. ഇവിടെവന്നും അവർ പഠിച്ചിരുന്നു. ഓരോ വർഷവും തന്റെ കഴിവിനെ പുതിയ റിസർച്ചനുസരിച്ച് വാർത്തെടുക്കുന്നതിനും അതനുസരിച്ച് ജോലി ചെയ്യുന്നതിനുംവേണ്ടി ഇവിടെ ലണ്ടനിലും വരാറുണ്ടായിരുന്നു. പക്ഷേ എപ്പോഴും പർദയിലായിരുന്നു ഉണ്ടായിരുന്നത്. എന്നല്ല അവർ പർദയുടെ ആവശ്യത്തേക്കാളേറെ അത് പാലിക്കുന്നവരായിരുന്നു. ഇവിടെയുള്ള ആരെങ്കിലും അവരുടെ മേൽ ആക്ഷേപം ഉന്നയിച്ചിരുന്നുവോ? അവരുടെ ജോലിയിലും ആരും ആക്ഷേപം ഉന്നയിച്ചിരുന്നില്ല. തൊഴിൽപരമായ അവരുടെ കഴിവിലും ആക്ഷേപം ഉണ്ടായിരുന്നില്ല. വലിയ വലിയ ശസ്ത്രക്രിയകളും അവർ ചെയ്തിരുന്നു. നിയ്യത്തുണ്ടെങ്കിൽ മതാധ്യാപനങ്ങളനുസരിച്ച് നടക്കാനുള്ള വഴികളും തുറന്നു വരുന്നതാണ്.

ഇപ്രകാരം റിസർച്ച് ചെയ്യുന്ന പെൺകുട്ടികളോട് ഞാൻ പറഞ്ഞിരുന്നു, റിസർച്ച് ചെയ്യാൻ യോഗ്യതയുള്ള ഏതെങ്കിലും പെൺകുട്ടി ലബോറട്ടറിയിൽ അവരുടെ പ്രത്യേക വസ്ത്രം ധരിക്കേണ്ടിവരുന്നുവെങ്കിൽ അവിടെ ആ ചുറ്റുപാടിൽ വസ്ത്രം ധരിക്കാവുന്നതാണ്. പർദ ധരിക്കേണ്ട. അവിടേയും അവർക്ക് തൊപ്പി തുടങ്ങിയവ ധരിക്കേണ്ടിവരുന്നുണ്ട്. പക്ഷേ, പുറത്ത് ഇറങ്ങിയയുടനെ പർദ അണിയേണ്ടതാണ്. അത് ഇസ്‌ലാം കല്പിച്ചിരിക്കുന്നു. മനുഷ്യകുലത്തിന് സേവനം ചെയ്യുന്നതുപോലുള്ള ജോലിയൊന്നുമല്ല ബാങ്ക് ജോലി. അതുകൊണ്ട് സാധാരണ ജോലികൾക്ക് പർദ അഴിച്ചുവെക്കാൻ അനുവാദം തരാൻ പറ്റില്ല. ഇനി ജോലിയാണെങ്കിലോ അതിൽ പെൺകുട്ടി നിത്യജീവിതത്തിലെ വസ്ത്രത്തിലും മേക്കപ്പിലും ആയിരിക്കും. അവിടെ പ്രത്യേകമായ വസ്ത്രമൊന്നും ധരിക്കാറില്ല. അതുകൊണ്ട് ലജ്ജയ്ക്ക് ലജ്ജാശീലമുള്ള വസ്ത്രം നിർബന്ധമാണെന്ന കാര്യം എപ്പോഴും ഓർമിക്കേണ്ടതാണ്. പർദയുടെ ഇപ്പോൾ നടന്നു വരുന്ന രീതി ലജ്ജാശീലമുള്ള വസ്ത്രത്തിന്റെ തന്നെ ഒരു ഭാഗമാണ്. പർദയിൽ മൃദുഭാവം കാണിച്ചാൽ പിന്നീടു തന്റെ ലജ്ജാശീലമുള്ള വസ്ത്രത്തിലും പല ഒഴിവുകഴിവുകൾ ചെയ്ത് മാറ്റങ്ങൾ ഉണ്ടാക്കുന്നതായിരിക്കും. പിന്നെ ആദ്യമേ തന്നെ ലജ്ജയില്ലായ്മ വർധിച്ചുകൊണ്ടിരിക്കുന്ന ഈ സമൂഹത്തിന്റെ വർണം ഏല്ക്കുന്നവരായിത്തീരുകയുംചെയ്യും. ലോകമാണെങ്കിൽ മുമ്പേ തന്നെ, മതാധ്യാപനങ്ങളനുസരിച്ച് നടക്കുന്നവരെ പ്രത്യേകിച്ച് മുസ്‌ലീംകളെ എങ്ങനെ മതത്തിൽനിന്ന് അകറ്റാം എന്ന ചിന്തയിൽ അവരുടെ പിന്നാലെ കൂടിയിരിക്കുകയാണ്.

ആൺകുട്ടികളോടൊപ്പം Swimming (നീന്തുന്നത്) ചെയ്യുന്നത് തനിക്ക് നാണമാണെന്നും മിക്സ്സ്വിമ്മിംഗ് (ഇടകലർന്നുള്ള നീന്തൽ)ഉണ്ടായിരിക്കുന്നതാണെന്ന് സ്കൂളധികൃതർ പറയുന്നുവെന്നും തനിക്ക് പെൺകുട്ടികളുമായി സ്വിമ്മിംഗ് ചെയ്യാൻ അനുവാദം നല്കണമെന്നും പറഞ്ഞ് സ്വിറ്റ്സർലാന്റിൽ ഒരു പെൺകുട്ടി കേസു കൊടുത്തു. മനുഷ്യാവകാശത്തിനുവേണ്ടിവലിയധ്വജ്ജവാഹകരായികറങ്ങിനടക്കുന്നമനുഷ്യാവകാശ പ്രവർത്തകർ (ഹ്യൂമൻ റൈറ്റ്സുകാർ)പറഞ്ഞു: 'ശരിതന്നെ, നീ അതാണാഗ്രഹിക്കുന്നതെങ്കിൽ വേറിട്ട് സ്വിമ്മിംഗ് ചെയ്തുകൊള്ളുക. ഇത് നിന്റെ മൗലികാവകാശമാണ്. എന്നാൽ, നിനക്ക് വേണ്ടി വിധി പറയാൻ മാത്രം അത്രവലിയ ഇഷ്യു ഒന്നുമല്ല ഇത്.' ഇസ്‌ലാമികാധ്യാപനങ്ങളുടേയും സ്ത്രീകളുടെ ലജ്ജയുടേയും കാര്യം വരുമ്പോൾ അവിടെ മനുഷ്യാവകാശ സംഘടനകളും ഒഴികഴിവ് പറയാൻ തുടങ്ങുന്നു. അതിനാൽ ഇത്തരം പരിതഃസ്ഥിതികളിൽ അഹ്മദികൾ മുമ്പത്തേക്കാളേറെ സൂക്ഷ്മത പാലിക്കേണ്ടതാണ്. സ്കൂളുകളിൽ ചെറിയ കുട്ടികൾക്ക് ചില രാജ്യങ്ങളിൽ സ്വിമ്മിംഗ് നിർബന്ധമാണെങ്കിൽ ചെറിയ ആൺകുട്ടികളും പെൺകുട്ടികളും പൂർണമായി വസ്ത്രം ധരിച്ച് അതായത് സ്വിമ്മിംഗ് ചെയ്യുന്നതിനുള്ള വസ്ത്രം പൂർണമായും ധരിച്ച് -അതിന് ഇക്കാലത്ത് ബുർക്കിനി(Burkini) എന്നാണ് പറയുന്നത്- സ്വിമ്മിംഗ് ചെയ്യേണ്ടതാണ്, ലജ്ജയുടേതായ വസ്ത്രം ധരിക്കേണ്ട ബോധം അവർക്കുണ്ടാകുന്നതിന് ഇത് നിർബന്ധമാണ്. ആൺകുട്ടികളും പെൺകുട്ടികളും വെവ്വേറെ ആണ് സ്വിമ്മിംഗ് ചെയ്യേണ്ടതെന്ന്

മാതാപിതാക്കളും കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്.

മതപരമായ അധ്യാപനങ്ങളേയും പാരമ്പര്യങ്ങളേയും മുസ്‌ലിംകളുടെ ഉള്ളിൽനിന്ന് അവസാനിപ്പിക്കുന്നതിനുള്ള സമ്മർദമാണ് ഇസ്‌ലാം വിരോധശക്തികൾ ശക്തിമത്തായ നിലയിൽ ചെലുത്തിക്കൊണ്ടിരിക്കുന്നത്. അഭിപ്രായസ്വാതന്ത്ര്യത്തിന്റേയും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ ബലാൽക്കാരത്തോടെ മതത്തെ നശിപ്പിക്കുന്നു എന്നുള്ള ഒരു പേരുദോഷവും തങ്ങൾക്ക് ഉണ്ടാകാത്ത വിധം അവസാനിപ്പിക്കാനുള്ള പരിശ്രമത്തിലാണ് അവരുള്ളത്. അവർ എങ്ങനെയും സഹതാപികളാണെന്ന് മനസ്സിലാക്കപ്പെടണം! ശയ്ത്വാനെപോലെ മാധുര്യമേറിയ രീതിയിൽ മതത്തിനുമേൽ ആക്രമണം നടത്തുക. പക്ഷേ, ഇക്കാലത്ത് ഇസ്‌ലാമിന്റെ പുനരുദ്ധാന പ്രവർത്തനം ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ജമാഅത്തിനെയാണ് ഏല്പിച്ചിട്ടുള്ളതെന്ന് നമ്മൾ ഓർക്കേണ്ടതാണ്. അതിനുവേണ്ടി നമുക്ക് തികവാർന്ന നിലയിൽ പരിശ്രമിക്കേണ്ടിവരും. ബുദ്ധിമുട്ടുകളും സഹിക്കേണ്ടിവരും. വഴക്കിടേണ്ട ആവശ്യമൊന്നും നമുക്കില്ല. പക്ഷേ, യുക്തിയോടു കൂടി അവരോടു പെരുമാറേണ്ടതാണ്. നമ്മുടെ മതാധ്യാപനങ്ങളുമായി ബന്ധപ്പെട്ട അവർ പറയുന്ന ഏതെങ്കിലും ഒരു കാര്യം ഇന്നു നമ്മൾ സമ്മതിച്ചു കൊടുക്കുകയാണെങ്കിൽ പിന്നീട് മെല്ലെ മെല്ലെ നമ്മുടെ ഒരുപാട് കാര്യങ്ങളുടേയും ഒരുപാട് അധ്യാപനങ്ങളുടേയുംമേൽ നിയന്ത്രണങ്ങൾ വന്നുകൊണ്ടേയിരിക്കും. അല്ലാഹു ഈ സാത്താനിക തന്ത്രങ്ങളെ നേരിടാൻ നമുക്ക് തന്റേടവും തൗഫീഖും നൽകുന്നതിനും നമ്മളെ സഹായിക്കുന്നതിനും നമ്മൾ ദുആകളിലും ശക്തി ചെലുത്തേണ്ടതാണ്. നമ്മൾ സത്യത്തിൽ നിലകൊള്ളുന്നവരാണെങ്കിൽ -തീർച്ചയായും നമ്മൾ സത്യത്തിൽ നിലകൊള്ളുന്നവരാണ്- പിന്നീട് ഒരു നാൾ നമ്മുടെ വിജയവും സുനിശ്ചിതമാണ്. ഇസ്‌ലാമിക അധ്യാപനങ്ങൾ തന്നെയാണ് ലോകത്ത് വിജയിച്ചുവരേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്തു പറയുന്നു:

സത്യത്തിന്റെ പക്കൽ ഒരു തന്റേടവും ധൈര്യവും ഉണ്ടായിരിക്കും; വ്യാജനായ മനുഷ്യൻ ഭീരുവായിരിക്കും. ആരുടെ ജീവിതമാണോ അശുദ്ധിയിലും പാപങ്ങളിലും കുടുങ്ങിക്കിടക്കുന്നത് അവനെപ്പോഴും ഭയപ്പെട്ടുകൊണ്ടിരിക്കും. അവനൊന്നിനേയും നേരിടാൻ കഴിയുകയില്ല. സത്യസന്ധനായ ഒരു മനുഷ്യനെപോലെ ധൈര്യത്തോടും തന്റേടത്തോടുംകൂടി തന്റെ സത്യസന്ധത പ്രകടിപ്പിക്കാനോ തന്റെ പരിശുദ്ധിക്കുള്ള തെളിവ് നല്കാനോ സാധിക്കുകയില്ല. ഭൗതിക കാര്യങ്ങളിൽത്തന്നെ ചിന്തിച്ചു നോക്കുക! അല്ലാഹു ആർക്കെങ്കിലും നല്ല അവസ്ഥ അല്പംമാത്രം ചെയ്താലും അവനോട് അസൂയപ്പെടാതിരിക്കുന്നതാരാണ്. ഐശ്വര്യത്തോടെ കഴിയുന്നവന് തീർച്ചയായും അസൂയാലുക്കളുമുണ്ടാകും. അവനോടൊപ്പം തന്നെ അത് കൂടി ച്ചേർന്നിരിക്കുന്നതാണ്. ഇതേ അവസ്ഥതന്നെയാണ് മതപരമായ കാര്യങ്ങളുടേയും. ശയ്ത്വാനും പരിഷ്കരണത്തിന്റെ ശത്രുവാണ്. അതുകൊണ്ടുതന്നെ മനുഷ്യൻ അവന്റെ കണക്ക് ശരിയാക്കിവെക്കണം. അല്ലാഹുവിനെ തൃപ്തനാക്കി വെക്കേണ്ടതാണ്. പിന്നെ ആരേയും ഭയപ്പെടേണ്ട. ആരേയും കാര്യമായെടുക്കുകയും വേണ്ട. സ്വയമേവ ശിക്ഷക്ക് പാത്രമാകുന്ന അത്തരം കാര്യങ്ങളിൽ നിന്ന് വിട്ടു നില്ക്കുക. എന്നാൽ, ഇതൊന്നും അദൃശ്യമായ സഹായവും ദൈവികമായ തൗഫീഖും കൂടാതെ സാധിക്കുകയില്ല. ദൈവത്തിന്റെ കൃപ ഉണ്ടാകാത്തിടത്തോളം മനുഷ്യശ്രമങ്ങൾക്ക് ഒന്നും ഉണ്ടാക്കാൻ കഴിയുകയില്ല. *ഖുലിഖൽ ഇൻസാനു ളഈഫ*(4:29) മനുഷ്യൻ ബലഹീനനാണ്. തെറ്റുകൾ കൊണ്ട് നിറഞ്ഞവനാണ്. നാലുഭാഗത്തുനിന്നും പ്രയാസങ്ങളാൽ വലയം ചെയ്യപ്പെട്ടവനാണ്. അതിനാൽ അല്ലാഹു നന്മചെയ്യാൻ സൗഭാഗ്യം നല്കുന്നതിനും അദൃശ്യമായ സഹായങ്ങളും കൃപാനുഗ്രഹത്തിന്റെ അനന്തരാവകാശിയാകുന്നതിനുംവേണ്ടി എപ്പോഴും ദുആ ചെയ്യേണ്ടതാണ്." (മൽഫൂദാത്ത് വാല്യം 10, പേജ് 252, 1985 ലണ്ടൻ പതിപ്പ്)

അതിനാൽ ദുആയോടുകൂടി നമ്മൾ ലോകത്തെ കൊണ്ട് വിശ്വസിപ്പിക്കേണ്ടതാണ്. അതിന് അല്ലാഹുവുമായി ദൃഢബന്ധമുണ്ടാക്കേണ്ട ആവശ്യമുണ്ട്.

മറ്റുള്ള മതങ്ങൾ എന്നെന്നേക്കുമുള്ളതല്ലെന്ന് നമ്മൾ ഓർക്കേണ്ടതാണ്. അവ അതാതിന്റെ കാലത്തു വരികയും അതിന്റെ കാലഘട്ടത്തിലെ ശിക്ഷണപരമായ കാര്യങ്ങൾ നിറവേറ്റുകയും അതോടെ അവസാനിക്കുകയും ചെയ്തു. അതുകൊണ്ടാണല്ലോ അവരുടെ മതഗ്രന്ഥങ്ങളിൽ നിരവധി മാറ്റത്തിരുത്തലുകൾ സംഭവിച്ചിട്ടുള്ളത്. എന്നാൽ, ഇസ്‌ലാമാണ് ഇന്നുവരെ സുരക്ഷിതമായി നിലകൊള്ളുന്നത്. ഇസ്‌ലാം എന്നെന്നും നിലനില്ക്കാനുള്ളതാണ്. വിശുദ്ധഖുർആന്റെ അധ്യാപനങ്ങൾ ഖിയാമത്തുനാൾവരെയുള്ളതാണ്. അതുകൊണ്ട് അപകർഷതാബോധങ്ങളൊന്നും കൂടാതെ നമ്മുടെ അധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യാനും അതിൽ നിലകൊള്ളാനും ശ്രമിക്കേണ്ടതാണ്. നിങ്ങൾ പറയുന്ന കാര്യങ്ങൾ ദൈവഹിതത്തിന് വിരുദ്ധവും നാശത്തിലേക്ക് കൊണ്ടുപോകുന്നതുമാണെന്ന് മറ്റുള്ളവരോട് പറയേണ്ടതുമാണ്.

തെറ്റായ രീതിയിലുള്ള നിയന്ത്രണങ്ങളിൽ മനുഷ്യനെ കുടുക്കിയിട്ടുള്ള മതമൊന്നുമല്ല ഇസ്‌ലാം. മറിച്ച് ആവശ്യത്തിനനുസരിച്ച് അതിന്റെ അധ്യാപനങ്ങളിൽ മൃദുലമായ വശവുമുണ്ട്. ഞാൻ പറഞ്ഞതുപോലെ ചില രോഗികളുണ്ട്. അവർ പുരുഷ ഡോക്ടർമാരെ കാണിക്കേണ്ടവരാണ്. ഡോക്ടർക്കും രോഗികൾക്കുമിടയിൽ പർദയുടെ കാർക്കശ്യമൊന്നുമില്ല. അവിടെ മനുഷ്യജീവനെ രക്ഷിക്കലാണ് പ്രാധാന്യം. മനുഷ്യജീവനെ ബുദ്ധിമുട്ടുകളിൽ നിന്ന് പുറത്തുകൊണ്ടുവരിക എന്നതാണ് അവരുടെ ലക്ഷ്യം. അതുകൊണ്ടാണല്ലോ നിർബന്ധാവസ്ഥയിൽ ശവവും പന്നിയിറച്ചിയും പോലും തിന്നാൻ അനുവാദമുള്ളത്; പക്ഷേ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി മാത്രം. ഇപ്രകാരം മരുന്നുകളിൽ ആൾക്കഹോൾ അഥവാ ചാരായം ഉപയോഗിക്കുന്നുണ്ട്. പക്ഷേ എന്തായാലും ഏതൊരു വഴിയിലൂടെ നടത്താനാണോ സാത്താനിക ശക്തികൾ ആഗ്രഹിക്കുന്നത് അതിന്റെ ഉദ്ദേശ്യം പതുക്കെപ്പതുക്കെ ദീനിന്റെ വേലിക്കെട്ട് ഇല്ലാതാക്കുക എന്നതാണ്. മതത്തെ ഉന്മൂലനം ചെയ്യുക എന്നതാണ്. ഇക്കാര്യത്തിനെതിരെ യാണ് അഹ്മദികളായ നമ്മൾ ജിഹാദ് ചെയ്യേണ്ടത്. ഇത് സാധ്യമാകുന്നത് എല്ലാ കാര്യങ്ങൾക്കുമേൽ ഇസ്‌ലാമികാധ്യാപനങ്ങൾക്ക് നമ്മൾ പ്രാധാന്യം നല്കുമ്പോഴും അല്ലാഹുവിന്റെ മുമ്പിൽ കുനിയുമ്പോഴുമാണ്. അപ്പോൾ അല്ലാഹുവിന്റെ സഹായത്താൽ നമ്മൾ വിജയം വരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ വാളെടുത്തുള്ള ജിഹാദില്ല. പ്രത്യുത ആത്മാവിന്റെ പരിഷ്ക്കരണത്തിനുള്ള ജിഹാദാണ്. ഈ വികസ്വര രാജ്യങ്ങളിൽ വസിക്കുന്ന മുസ്‌ലിംകളെ പ്രത്യേകിച്ചും ലീംകളെതന്നെയാണ് ഞാൻ സംബോധനം ചെയ്യുന്നത്. അവർ രാജ്യത്തോടു കൂറു പുലർത്തുന്നതിലും രാജ്യത്തിനുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നതിലും രാജ്യത്തിന്റെ ഏതുവിധേനയുള്ള അഭിവൃദ്ധിയിലും ഉന്നതപദവിയിലെത്തുന്നതിനും ശ്രമിക്കേണ്ടതാണ്. ഇതുണ്ടാകുമ്പോൾ സാത്താനിക ശക്തികളുടെ നാവ് അടങ്ങിപ്പോകുന്നതായിരിക്കും. മുസ്‌ലിംകൾ രാജ്യത്തിന്റേയും ജനതയുടേയും ക്ഷേമത്തെ യഥാർഥമായ നിലയിലേക്ക് കൊണ്ടുപോകുന്നവരാണ്, രാജ്യത്തിനെതിരെ എന്തെങ്കിലും ചെയ്യുന്നവരല്ല. നമ്മൾ ഈ ആളുകളേയും സർക്കാറുകളേയും കൂട്ടി യോജിപ്പിക്കുന്നവരാണ്. നമ്മൾ നമ്മുടെ മതാധ്യാപനങ്ങൾ കാരണത്താൽ നമ്മളെ സ്വയം ഏതെങ്കിലും കാര്യത്തിന് വിധേയരാക്കുകയോ ഏതെങ്കിലും കാര്യംകൊണ്ട് വിധേയമാക്കുകയോ നമ്മുടെമേൽ നിയന്ത്രണങ്ങൾ ചുമത്തുകയോ ചെയ്യുന്നെങ്കിൽ അതിൽ കൈകടത്തുകയെന്നത് സർക്കാരിന്റേയും കോടതികളുടേയും ജോലിയല്ല. അതിലൂടെ അസ്വസ്ഥതയുണ്ടാകും. തദ്ദേശവാസികളിലും അഭയാർഥികളും തമ്മിൽ വിടവുണ്ടാകും. ആരെയാണോ ഇവർ അഭയാർഥികൾ എന്നു പറയുന്നത് അവർ ഈ രാജ്യത്തുവന്നിട്ട് രണ്ടാമത്തെയോ മൂന്നാമത്തേയോ തലമുറയിലുള്ളവരാണ്. അവർ രാജ്യത്തിനെന്തെങ്കിലും നഷ്ടം വരുത്തുകയോ രാജ്യദ്രോഹം ചെയ്യുകയോ കളവും വിദ്വേഷവും പരത്തുകയോ ചെയ്യുന്നുണ്ടെങ്കിൽ അവരെ പിടിക്കാനും ശിക്ഷിക്കാനും അവർക്കവകാശമുണ്ട്. ഏതെങ്കിലും മതാധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്ന് തടഞ്ഞുകൊണ്ട്, നിങ്ങളിതു ചെയ്താൽ അതിന്റെ ഉദ്ദേശ്യം രാജ്യത്തിന്റെ അന്തരീക്ഷത്തോടു ചേരാത്തവരാണെന്ന് അവരോടു പറയാൻ ഒരു അവകാശവുമില്ല.

ഇക്കാലഘട്ടം വളരെ ഭയാനകമായ കാലഘട്ടമാണെന്ന് അഹ്മദികളായ നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്. ശയ്ത്വാൻ നാലു ഭാഗത്തുനിന്നും ശക്തമായ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നു. മുസ്‌ലീംകൾ പ്രത്യേകിച്ച് അഹ്മദീമുസ്‌ലിംകളായ പുരുഷന്മാരും സ്ത്രീകളും യുവാക്കളുമെല്ലാം മതമൂല്യങ്ങളെ നിലനിറുത്താൻ ശ്രമിക്കുന്നില്ലെങ്കിൽ നമ്മുടെ മക്കൾക്ക് ഒരു ജാമ്യവുമില്ല. നമ്മൾ മറ്റുള്ളവരേക്കാളുപരി അല്ലാഹുവിന്റെ പിടിത്തത്തിലായിരിക്കും. അതായത് നമ്മൾ സത്യത്തെ മനസ്സിലാക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്ക് മനസ്സിലാക്കിത്തന്നിട്ടും നമ്മൾ കർമം ചെയ്തില്ല. അതിനാൽ നമ്മൾ നമ്മളെ നശിക്കുന്നതിൽനിന്ന് രക്ഷപ്പെടുത്തണമെങ്കിൽ എല്ലാ ഇസ്‌ലാമിക അധ്യാപനങ്ങളോടുമൊപ്പം പൂർണ വിശ്വാസത്തോടെ ലോകത്ത് താമസിക്കേണ്ട ആവശ്യമുണ്ട്. വികസിത രാഷ്ട്രങ്ങളോടൊപ്പം നടക്കുന്നതിലാണ് നമ്മുടെ ബഖാ അഥവാ അമരത്തമെന്ന് മനസ്സിലാക്കരുത്. അവരുടെ പുരോഗതി അതിന്റെ പാരമ്യതയിലെത്തിക്കഴിഞ്ഞരിക്കുകയാണ്. ഇപ്പോഴുള്ള അവരുടെ ധാർമികപരമായവസ്ഥകൾ അമ്പരപ്പുളവാക്കുന്ന ചലനങ്ങളാണ്. ഇക്കാര്യങ്ങൾ അവരെ അധഃപതനത്തിലേക്ക് കൊണ്ടുപോയികൊണ്ടിരിക്കുകയാണ്. അതിന്റെ അടയാളങ്ങൾ വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ വെറുപ്പിനേയും തങ്ങളുടെ നാശത്തേയും ഇവർ വിളിച്ചുവരുത്തിക്കൊണ്ടിരിക്കുന്നു. അവരുടെ വർണത്തിൽ വിഭൂഷിതരാകുന്നതിന് പകരം അത്തരക്കാർക്ക് മാനുഷികമായ പരിഗണനവച്ച് നമ്മൾ തന്നെയാണ് ശരിയായ വഴി കാണിച്ചുകൊടുത്ത് രക്ഷിക്കാൻ ശ്രമിക്കേണ്ടത്. അവരുടെ പരിഷ്കരണമുണ്ടായിട്ടില്ലെങ്കിൽ -അവരുടെ അഹങ്കാരവും മതത്തിൽനിന്നുള്ള അകൽച്ചയും കാരണം ബാഹ്യത്തിൽ അവരുടെ പരിഷ്കരണം ഏറെ പ്രയാസകരമായിട്ടാണ് കാണുന്നതെങ്കിലും- പിന്നീട് ഭാവിലോകത്തിന്റെ അഭിവൃദ്ധിയിൽ ആ ജനതകൾ തങ്ങളുടെ പങ്കുവഹിക്കുന്നതായിരിക്കും. അവ ധാർമികവും മതപരവുമായ മൂല്യങ്ങളെ നിലനിറുത്തുന്നതായിരിക്കും.

അതുകൊണ്ട് ഞാൻ മുമ്പേയും പറഞ്ഞതുപോലെ നമുക്ക് പ്രത്യേകിച്ചും യുവാക്കൾക്ക് അല്ലാഹുവിന്റെ അധ്യാപനങ്ങളിൽ ചിന്തിക്കേണ്ട ആവശ്യമുണ്ട്. ലോകത്തിൽ ആകർഷിതരായി അതിന്റെ പിന്നാലെ പോകുന്നതിന് പകരം ലോകത്തെ തങ്ങളുടെ പിന്നാലെ നടത്തേണ്ട ആവശ്യമുണ്ട്. പർദയുടേയും വസ്ത്രത്തിന്റേയും പേരിൽ ഞാൻ കാര്യം പറഞ്ഞു തുടങ്ങിയതുപോലെ അതിനെ സംബന്ധിച്ച് ഇതും കൂടി പറയാനാഗ്രഹിക്കുന്നു. വളരെ വേദനയോടെ പറയാനാഗ്രഹിക്കുന്നു. ഇസ്‌ലാമിന്റേയും അഹ്മദിയ്യത്തിന്റേയും അഭിവൃദ്ധിക്ക് പർദമാത്രമാണോ അനിവാര്യമായിട്ടുള്ളതെന്ന് ചിലയാളുകൾ ചോദിക്കുന്നു. ഈ അധ്യാപനം കാലഹരണപ്പെട്ടതാണെന്നും നമുക്ക് ലോകവുമായി പൊരുതണമെങ്കിൽ ഇക്കാര്യങ്ങൾ ഉപേക്ഷിക്കേണ്ടിവരുമെന്നും നഊദുബില്ലാഹ് ചിലർ പറയുന്നു. അത്തരക്കാർ വ്യക്തമായും മനസ്സിലാക്കികൊള്ളട്ടെ ഭൗതികരുടെ പിന്നാലെ നടക്കുകയും അവരെ പോലെ ജീവിക്കുകയും ചെയ്യുകയാണെങ്കിൽ ലോകത്തെ നേരിടുന്നതിനു പകരം സ്വയം ലോകത്തിൽ മുങ്ങിത്താഴുകയായിരിക്കും ചെയ്യുക. നമസ്കാരങ്ങളും പതുക്കെപ്പതുക്കെ ബാഹ്യാവസ്ഥയിൽ നിലച്ചുപോകും. മറ്റു നന്മകളും അല്ലെങ്കിൽ ദീനിനനുസരിച്ചുള്ള പ്രവർത്തനങ്ങളും ബാഹ്യമായിമാത്രം അവശേഷിക്കും. പിന്നീട് പതുക്കെപ്പതുക്കെ അതും അവസാനിക്കുന്നതാണ്.

അതിനാൽ അല്ലാഹുവിന്റെ ഒരു കല്പനയേയും നിസ്സാരമായി മനസ്സിലാക്കരുത്. ഇത് വളരെ ഭയപ്പെടേണ്ട സ്ഥാനമാണ്. ഇസ്‌ലാമിന്റെ അഭിവൃദ്ധിക്കു വേണ്ടി അല്ലാഹുവും അവന്റെ റസൂലും നല്കിയിട്ടുള്ള കല്പന പാലിക്കേണ്ടത് അനിവാര്യമാണ്. പർദയുടെ കഠിനമായനിയമങ്ങൾ സ്ത്രീകൾക്കു മാത്രമല്ല. ഇസ്‌ലാമിന്റെ നിയന്ത്രണങ്ങൾ സ്ത്രീകൾക്കു മാത്രമല്ല. മറിച്ച്, പുരുഷന്മാർക്കും സ്ത്രീകൾക്കും രണ്ടുപേർക്കും കല്പനയുണ്ട്. അല്ലാഹു ആദ്യം പുരുഷന്മാർക്ക് ലജ്ജയും പർദയുടെ രീതിയും പറഞ്ഞു കൊടുത്തു. അല്ലാഹു പറയുന്നു: *ഖുല്ലിൽ മുഅ്മിനീന യഗുള്ളൂ മിൻ അബ്സാരിഹിം വ യഹ്ഫളു ഫുറൂജഹും ദാലിക്ക അസ്കാലഹും ഇന്നല്ലാഹ ഖബീറുൻ ബിമാ യസ്നഊൻ* തങ്ങളുടെ ദൃഷ്ടികൾ താഴ്ത്തുകയും തങ്ങളുടെ രഹസ്യസ്ഥാനങ്ങൾ സൂക്ഷിക്കുകയും ചെയ്യാൻ സത്യവിശ്വാസികളായ പുരുഷന്മാരോടു പറയുക. അത് അവർക്ക് ഏറ്റവും പരിശുദ്ധമായ മാർഗമാണ്. അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മമായി അറിയുന്നവനാകുന്നു.(24:31)

തങ്ങളുടെ ദൃഷ്ടി താഴോട്ടാക്കി പ്രവർത്തിക്കാൻ അല്ലാഹു സത്യവിശ്വാസികളായ പുരുഷന്മാരോടു ആദ്യമേ പറഞ്ഞു. എന്തിന്? കാരണം ദാലിക്ക അസ്കാലഹും എന്തുകൊണ്ടെന്നാൽ ഇക്കാര്യം പരിശുദ്ധിക്ക് അനിവാര്യമാണ്. പരിശുദ്ധിയില്ലെങ്കിൽ ദൈവത്തെ കിട്ടുകയില്ല. അതിനാൽ സ്ത്രീകളോടു പർദയെക്കുറിച്ച് പറയുതിനു മുമ്പേ നിങ്ങളുടെ വികാരങ്ങൾ പ്രോജ്വലിക്കുന്നതായ എല്ലാ കാര്യങ്ങളിൽനിന്നും രക്ഷപ്പെട്ടുകൊള്ളുക എന്ന് പുരുഷന്മാരോടാണ് പറഞ്ഞത്.

സ്ത്രീകളെ തുറന്ന കണ്ണുകളോടെ നോക്കുക, അവരിൽ മിക്സപ്പാ(mixup)കുക, ചീത്ത ഫിലിമുകൾ കാണുക, അന്യരുമായി ഫെയ്സ്ബുക്കിലോ മറ്റേതെങ്കിലും വിധത്തിലോ ചാറ്റ് ചെയ്യുക തുടങ്ങിയവയൊന്നും പരിശുദ്ധമായിരിക്കുകയില്ല. അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതിനെകുറിച്ച് ഒരുപാട് സ്ഥലങ്ങളിൽ വളരെ തുറന്ന നിലയിൽ ഉപദേശിച്ചിരിക്കുന്നു. ഒരിടത്ത് അവിടുന്ന് പറയുന്നു:

ഇത് അല്ലാഹുവിന്റെ തന്നെ വചനമാണ്. അവൻ തന്നെ വളരെ തുറന്നതും അങ്ങേയറ്റം വ്യക്തമായതുമായ വിവരണംകൊണ്ട് നമ്മളെ നമ്മുടെ എല്ലാ വാക്കിലും കർമത്തിലും അനക്കമടക്കത്തിലും വ്യക്തമായ പരിധികളിൽ നിറുത്തിയിരിക്കുന്നു. മനുഷ്യകുലത്തിനോടുള്ള മര്യാദയുടേയും പരിശുദ്ധമായ പെരുമാറ്റത്തിന്റേയും രീതി പഠിപ്പിച്ചിരിക്കുന്നതും കണ്ണ്, ചെവി, നാവ് തുടങ്ങിയ അവയവങ്ങളുടെ സംരക്ഷണത്തിനുവേണ്ടി പൂർണമായും താക്കീത് ചെയ്തിട്ടുള്ളതും അവൻ തന്നെയാണ്. പറഞ്ഞു: *ഖുല്ലിൽ മുഅ്മിനീന യഗുള്ളൂ മിൻ അബ്സ്വാരിഹിം വ യഹ്ഫളൂ ഫുറൂജഹും ദാലിക്ക അസ്കാലഹും* അതായത് സത്യവിശ്വാസികൾ തങ്ങളുടെ കണ്ണുകളും ചെവികളും രഹസ്യസ്ഥാനങ്ങളും അന്യരിൽ നിന്ന് രക്ഷിച്ചു നിറുത്തേണ്ടതാണ്. എല്ലാ ഓരോ കാഴ്ച്ചകളിൽനിന്നും മാധുര്യമേറിയ ശബ്ദങ്ങൾ കേൾക്കുന്നതിൽനിന്നും വിട്ടു നില്ക്കുക. ഈ രീതി അവരുടെ ആന്തരികമായ പരിശുദ്ധിക്ക് കാരണമായിരിക്കും. അതായത് അവരുടെ മനസ്സ് പല രീതിയിലുള്ള ശാരീരികമായ വികാരങ്ങളിൽ നിന്ന് സുരക്ഷിതമായിരിക്കും. കാരണം ശരീരികമായ വികാരാവേശങ്ങളെ ചലിപ്പിക്കുന്നതും മൃഗീയമായ ശക്തികളുണ്ടാക്കുന്നതും ഫിത്നയിലകപ്പെടുത്തുന്നതും ഈ അവയവങ്ങളാണ്. ഇനി നോക്കുക, വിശുദ്ധ ഖുർആൻ അന്യരിൽ നിന്ന് രക്ഷപ്പെടുന്നതിന് എത്രമാത്രം താക്കീതാണ് ചെയ്തിട്ടുള്ളത്. എത്രമാത്രം തുറന്ന നിലയിലാണ് വിവരിച്ചിട്ടുള്ളത്. വിശ്വാസികളായിട്ടുള്ളവർ തങ്ങളുടെ കണ്ണുകളേയും ചെവികളേയും രഹസ്യസ്ഥാനങ്ങളേയും ഒതുക്കി വെക്കുകയും അവിശുദ്ധമായ സ്ഥലങ്ങളിൽ നിന്ന് തടഞ്ഞുവെക്കുകയും ചെയ്യുക." (ബറാഹീനെ അഹ്മദിയ്യാ, റൂഹാനി ഖസായിൻ, വാല്യം 1, പേജ് 209 അടിക്കുറിപ്പ്)

പിന്നീട് ദൃഷ്ടികൾ താഴോട്ടാക്കുക എന്നത് വിശദീകരിച്ചുകൊണ്ട് പറയുന്നു:'ദർശനയോഗ്യങ്ങളായവ മാത്രം നോക്കിക്കാണുകയും അനുചിതസ്ഥാനങ്ങളിൽ ദൃഷ്ടിപ്പതിപ്പിക്കാതെ നിദ്രാണദൃഷ്ടിത്വം ശീലിക്കുകയും ചെയ്യുക എന്നതിന് അറബിയിൽ 'ഗൽളുൽ ബസ്വർ'(നോട്ടങ്ങൾ കീഴ്പ്പോട്ടാക്കുക) എന്നു പറയുന്നുവെന്നതും ഇവിടെ അനുസ്മരണീയമാണ്. ഹൃദയം പരിശുദ്ധമാക്കിവച്ചുകൊള്ളുന്നതിന് ആഗ്രഹിക്കുന്ന ഒരു ഭക്തിമാർഗിയും മൃഗങ്ങളെപ്പോലെ തോന്നുന്ന ദിക്കലേക്കെല്ലാം ദൃഷ്ടി പായിക്കാതിരിക്കേണ്ടത് അത്യാവശ്യമാണ്. തന്നെയുമല്ല അയാൾ ഈ നാഗരികജീവിതത്തിൽ ദൃഷ്ടികൾ കീഴ്പ്പോട്ടു പതപ്പിക്കുന്ന ശീലം കൈക്കൊള്ളേണ്ടതുമാണ്. ഈ ശ്ലാഘ്യ ശീലം സാമൂഹിക വ്യാവഹാരിക ബന്ധങ്ങൾ പുലർത്തുന്നതിന് ഒരു വിധത്തിലും പ്രതിബന്ധമാവുകയില്ല. മറിച്ച് ഇതുമൂലം അയാളുടെ ഒരു സഹജാത സ്വഭാവം ഉൽകൃഷ്ട ധാർമിക ഗുണമായി പരിണമിക്കുകയാണ് ചെയ്യുക." (ഇസ്ലാമി ഉസൂൽ കി ഫലാസഫീ റൂഹാനീ ഖസായിൻ വാല്യം 10 പേജ് 344)

മറ്റൊരിടത്ത് കൂടുതൽ വിശദീകരിച്ചുകൊണ്ട് പറയുന്നു: 'അന്യസ്ത്രീകളേയും കമ്പം തോന്നുന്ന കാര്യങ്ങളേയും നോക്കുന്നതിൽനിന്ന് തങ്ങളുടെ കണ്ണുകൾ വ്യക്തമായും മുഖം കാണാത്ത നിലയിൽ പകുതി അടച്ചുവെക്കാൻ സത്യവിശ്വാസികളോട് പറയുക. മുഖത്ത് സുവ്യക്തമായ നിലയിലും നേരിട്ടും ദൃഷ്ടി പതിയരുത്. കാമവാസനയോടെയോ കാമവാസന ഇല്ലാതെയോ കണ്ണുകൾ പൂർണമായ നിലയിൽ തുറന്ന് ഒരിക്കലും നോക്കരുത്. കാരണം അങ്ങനെ ചെയ്യുന്നത് അവസാനം വഞ്ചനയ്ക്ക് നിമിത്തമാകും. അതായത് സ്വതന്ത്രമായ ദൃഷ്ടികൊണ്ട് നോക്കുമ്പോൾ പരിശുദ്ധമായ അവസ്ഥ സുരക്ഷിതമായിരിക്കുകയില്ല. അവസാനം പരീക്ഷണം വരുന്നു. കണ്ണ് പരിശുദ്ധമാകാത്തിടത്തോളം മനസ്സും പരിശുദ്ധമായിരിക്കുകയില്ല. സത്യാന്വേഷകർ ചുവടു വയ്ക്കേണ്ട ഉചിതമായ പരിശുദ്ധമായ സ്ഥലം കരസ്ഥമാകുകയുമില്ല. ഈ ആയത്തിൽ മറ്റൊരു പാഠവുമുണ്ട്, തിന്മ കടക്കുന്നതായ ശരീരത്തിലെ എല്ലാ ദ്വാരങ്ങളും സുരക്ഷിതമായി വെയ്ക്കുക എന്നതാണത്. ആയത്തിൽ പറയപ്പെട്ടിരിക്കുന്ന ദ്വാരം എന്ന പദത്തിൽ അസാന്മാർഗ പ്രവർത്തനങ്ങൾക്കുള്ള ആയുധങ്ങളായ ചെവി, കണ്ണ്, മൂക്ക്, മുഖമെല്ലാം പെടുന്നു. ഈ എല്ലാ അധ്യാപനങ്ങളും എത്രമാത്രം പ്രൗഢിയോടുകൂടിയതും ഉന്നതവുമാണെന്ന് ഇനി നോക്കുക. അത് ഒരു ഭാഗത്തും മദ്ധ്യമമായിട്ടല്ലാതെ ബുദ്ധിപരമല്ലാത്ത നിലയിൽ ശക്തി ചെലുത്തിയിട്ടില്ല. യുക്തിപരമായ നീതിയോടുകൂടിയാണ് പ്രവർത്തിച്ചിട്ടുള്ളത്. തുറന്ന നിലയിൽ നോക്കുന്ന ശീലമുണ്ടാക്കരുതെന്ന കല്പന വായിക്കുന്ന ഒരാൾ, ആളുകൾ ഒരിക്കലും വഞ്ചനയിൽ അകപ്പെടരുതെന്നും ഇരുവശത്തും സ്ത്രീകളിലും പുരുഷന്മാരിലുംപെട്ട ഒരു കക്ഷിയും വഞ്ചിതരാകരുതെന്നുമാണ് ഇതിന്റെ ഉദ്ദേശ്യമെന്ന് പെട്ടെന്ന് മനസ്സിലാക്കുന്നതാണ്."(തിർയാഖുൽ ഖുലൂബ്, റൂഹാനി ഖസായിൻ വാല്യം 15, പേജ്: 164,165)

അതിനാൽ ഇതാണ് പുരുഷന്മാർക്കുള്ള ഇസ്ലാമികാധ്യാപനം. ആദ്യം അവരെ എല്ലാ രീതിയിലും ബന്ധനസ്ഥനാക്കിയിരിക്കുന്നു. എന്നിട്ട് ഈ സൂക്ഷ്മതകൾക്കുശേഷവും നിങ്ങൾ നിങ്ങളുടെ പർദ ശ്രദ്ധിക്കണമെന്ന് സ്ത്രീകൾക്ക് കല്പനയും കൊടുത്തിരിക്കുന്നു. തികച്ചും ലജ്ജയില്ലാത്ത രാജ്യങ്ങളിൽ പർദയുടെ ആവശ്യമില്ലെന്ന് നമുക്കെങ്ങനെയാണ് പറയാൻ കഴിയുക. ലജ്ജയില്ലായ്മയും സുഹൃത്ബന്ധങ്ങളും ഒരുപാടു വഷളത്തങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. അതിൽനിന്ന് രക്ഷപ്പെടാൻ നമ്മൾ ഒരുപാട് ശ്രമിക്കേണ്ടതാണ്. സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം സ്വിമിംഗ് ചെയ്യുന്നതിന് അനുവാദമില്ലെങ്കിൽ സ്ത്രീകളുടെ ഇടയിൽപ്പോയി സ്വിമിംഗ് ചെയ്യാൻ പുരുഷന്മാർക്കും അനുവാദമില്ല.

അതുകൊണ്ട് ഈ നിയന്ത്രണങ്ങൾ വെറും സ്ത്രീകൾക്കല്ല. മറിച്ച് പുരുഷന്മാർക്കുമാണ്. സ്ത്രീകളെ കാണുമ്പോൾ തങ്ങളുടെ ദൃഷ്ടി താഴോട്ടാക്കണമെന്ന കല്പന പുരുഷന്മാർക്ക് നല്കിക്കൊണ്ട് സ്ത്രീകളുടെ അഭിമാനം കാത്തുസൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഇസ്ലാമിന്റെ എല്ലാ കല്പനകളും യുക്തിനിർഭരമാണ്. ദോഷങ്ങളുണ്ടാകുമെന്ന സാധ്യതകളെ അത് അകറ്റുന്നു.

ജർമനിയിൽ നടന്ന കഴിഞ്ഞ ജൽസസാലാന അവസരത്തിൽ ഞാൻ സ്ത്രീകളിൽ സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള വ്യത്യാസത്തേയും അവരുടെ നിർബന്ധ കടമകളേയും അവരുടെ വ്യത്യസ്തങ്ങളായ ജോലികളേയും ഇപ്രകാരംതന്നെ സ്ത്രീകളുടെ അവകാശങ്ങളേയും കുറിച്ചു സംസാരിച്ചിരുന്നു. അവിടെ ഒരു ജർമൻ സ്ത്രീ പങ്കെടുത്തിരുന്നു. അവർ ഈ പ്രസംഗം പൂർണമായും കേട്ടു. എന്നിട്ടു പറഞ്ഞു:'ഇസ്ലാം സ്ത്രീകളുടെ അവകാശങ്ങൾ അപഹരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ, ഇന്ന് അങ്ങയുടെ പ്രസംഗംകേട്ട് ഇസ്ലാം സ്ത്രീകളുടെ അവകാശങ്ങളും അവളുടെ അഭിമാനവും അവൾക്കുള്ള ആദരവും അതിസൂക്ഷ്മമായി വിവരിക്കുന്നുവെന്നും നിലനിറുത്തുന്നുവെന്നും എനിക്കറിയാൻ കഴിഞ്ഞു." ഒരു അഹ്മദി പെൺകുട്ടിക്കോ സ്ത്രീക്കോ ആൺകുട്ടിക്കോ ഏതെങ്കിലും വിധത്തിലുള്ള അപകർഷതാബോധത്തിന് ഇരയാകേണ്ട ഒരാവശ്യവുമില്ല. ഇസ്ലാമിക അധ്യാപനങ്ങൾ തന്നെയാണ് ലോകത്ത് സമാധാനനിർഭരവും ലോകത്തെ അല്ലാഹുവിലേക്ക് കൊണ്ടുവരുന്നതും. ഇസ്ലാമിക അധ്യാപനത്തിൽതന്നെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണമെന്നും ഇതല്ലാതെ മറ്റൊരുമാർഗവുമില്ലെന്നും ഒരു നേരത്ത് ലോകത്തിന് മനസ്സിലാകുന്നതാണ്. തങ്ങളുടെ ദൃഷ്ടികൾ താഴോട്ടാക്കി സ്ത്രീകളുടെ അന്തസ്സ് നിലനിറുത്തുക എന്ന കല്പന പുരുഷന്മാർക്ക് നല്കിയതിനുശേഷം പർദ എങ്ങനെ ചെയ്യണം, ആരോടൊക്കെ ചെയ്യണമെന്നും നിങ്ങളും നിങ്ങളുടെ ദൃഷ്ടികൾ താഴോട്ടാക്കേണ്ടതാണെന്നുമുള്ള കല്പന സ്ത്രീക്കും വിശദമായ നിലയിൽ നൽകി. നിങ്ങൾ ഈ കാര്യങ്ങളനുസരിച്ച് പ്രവർത്തിച്ചാൽ വിജയിക്കുന്നതാണ്. പർദയും ലജ്ജയും നിങ്ങളുടെ വിജയത്തിന്റെ അടയാളമാണെന്നാണ് അവസാനം അല്ലാഹു പറഞ്ഞത്. നിങ്ങളുടെ ഇഹലോകവും പരലോകവും അത് സുവർണമാക്കുന്നതാണ്. അല്ലാഹു പറയുന്നു: *വ ഖുല്ലിൽ മുഅ്മിനാത്തി യഗ്ളുള്ന മിൻ അബ്സ്വാരിഹിന്ന വ യഹ്ഫള്ന ഫുറൂജഹുന്ന വ ലാ യുബ്ദീന സീനത്തഹുന്ന ഇല്ലാ മാ ളഹറ മിൻഹാ വൽയള്രിബ്ന ബിഖുമുരിഹിന്ന അലാ ജുയൂബിഹിന്ന വ ലാ യുബ്ദീന സീനത്തഹുന്ന ഇല്ലാ ലി ബുഊലത്തിഹിന്ന ഔ ആബായിഹിന്ന ഔ ആബായി ബുഊലത്തിഹിന്ന ഔ അബ്നാഇ ഹിന്ന ഔ അബ്നാഇ ബുഊലത്തിഹിന്ന ഔ ഇഖ്വാനിഹിന്ന ഔ ബനീ ഇഖ്വാനിഹിന്ന ഔ ബനീ അഖ്വാത്തിഹിന്ന ഔ നിസാഇ ഹിന്ന ഔ മാ മലക്കത്ത് ഐയ്മാനുഹുന്ന അവിത്താബിഈന ഗയ്രി ഉലിൽ ഇർബത്തി മിനർരിജാലി അവിത്തിഫ്ലി ല്ലദീന ലം യള്ഹറൂ അലാ ഔറാത്തിന്നിസാഇ വലാ യള്രിബ്ന ബി അർജുലിഹിന്ന ലിയുഅ്ലമ മാ യുഖ്ഫീന മിൻ സീനത്തിഹിന്ന വ തൂബൂ ഇല ല്ലാഹി ജമീഅൻ അയ്യുഹൽമുഅ്മിനൂന ലഅല്ലക്കും തുഫ്ലിഹൂൻ(24:32)*

"വിശ്വാസികളോടു അവരുടെ ദൃഷ്ടികളെ പരസ്ത്രീ ദർശനത്തിൽനിന്ന് തടയുകയും കാമവികാരം ജനിക്കാൻ കാരണമാകുന്ന സ്ത്രീകളുടെനേരെ നോക്കാതിരിക്കുകയും ചെയ്യുമാറ് തങ്ങളുടെ നോട്ടങ്ങളെ കീഴ്പ്പോട്ടു പതിപ്പിക്കുവാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബാധം സൂക്ഷിക്കുവാനും അങ്ങനെതന്നെ തങ്ങളുടെ കർണപുടങ്ങളെ അന്യസ്ത്രീകളുടെ മധുരഗാനങ്ങളും മൃദുല ശബ്ദങ്ങളും ശൃംഗാരകഥകളും ശ്രവിക്കുന്നതിൽനിന്ന് തടയുവാനും പറയുക. ഇത് ദൃഷ്ടികളേയും കർണപുടങ്ങളേയും പരിശുദ്ധമാക്കി വെക്കുന്നതിനുള്ള ഉത്തമ മാർഗമാകുന്നു. അപ്രകാരംതന്നെ വിശ്വാസിനികളോടും അവരുടെ നേത്രങ്ങളെ പരപുരുഷ ദർശനത്തിൽനിന്ന് തടയുവാനും വിഷയവികാരജന്യങ്ങളായ ഭാഷണങ്ങളെ ശ്രവിക്കാതിരിക്കുവാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബാധം കാത്തുരക്ഷിക്കുവാനും തങ്ങളുടെ സൗന്ദര്യത്തെ സ്വയം വെളിപ്പെടുന്നതൊഴികെയുള്ള ഭാഗത്തെ അന്യർക്ക് വെളിപ്പെടുത്താതിരിക്കുവാനും തങ്ങളുടെ മാറിടങ്ങളും ചെവികളും ചെന്നികളും ശിരസുകളും ആച്ഛാദിക്കപ്പെടത്തക്കവിധത്തിൽ പുതപ്പുകൾ മാറിടത്തുകൂടി തലയിൽ ധരിക്കുവാനും നർത്തകികളെപ്പോലെ പാദങ്ങൾ നിലത്തടിച്ചു നടക്കാതിരിക്കുവാനും പറയുക. ഇതാണ് ചാരിത്ര ഭ്രംശത്തെ തടുക്കുവാനുള്ള ഒരു മാർഗം. രക്ഷ പ്രാപിക്കുന്നതിനുള്ള മറ്റൊരു വഴി ദൈവത്തിലേക്ക് തിരിയുകയും സകല വിധ വീഴ്ചയിലും ചാപല്യത്തിലും നിന്നുള്ള രക്ഷയ്ക്കായി പ്രാർഥിക്കുകയും ചെയ്യുക എന്നതാകുന്നു. അല്ലയോ മുഅ്മിനീംകളേ! നിങ്ങൾ വിജയിക്കുന്നതിന് നിങ്ങളെല്ലാവരും അല്ലാഹുവിലേക്ക് തൗബ ചെയ്ത് മടങ്ങിക്കൊണ്ട് കുനിയുക.

പുരുഷന്മാരുടെ ദൃഷ്ടികളും സ്ത്രീകളുടെ ദൃഷ്ടികളും താഴോട്ടുവെക്കുന്നതുകൊണ്ടും പർദകൊണ്ടുമാണ് സ്ത്രീകളുടെ അഭിമാനത്തിന്റേയും ചാരിത്രത്തിന്റേയും സംരക്ഷണമുണ്ടാകുന്നത്. വികസിത രാജ്യങ്ങളിൽ അഭിമാനത്തിന്റേയും ചാരിത്രത്തിന്റേയും സംരക്ഷണത്തിന്റെ നിലവാരം മാറിപ്പോയി. അന്യരുമായുള്ള പരസ്പര ബന്ധങ്ങൾ ആൺകുട്ടിയുടേയും പെൺകുട്ടിയുടേയും ഇഷ്ടത്താലാണെങ്കിൽ വ്യഭിചാരമെന്ന് പറയപ്പെടുകയില്ല! ഇക്കാര്യം ഇഷ്ടത്തിനുവിരുദ്ധമായിട്ടാണെങ്കിൽ വ്യഭിചാരമെന്നു പറയും. ഇത്തരം അധഃപതനമുണ്ടാകുമ്പോൾ ഒരു സത്യവിശ്വാസിക്ക് അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതിന് ധാരാളം ദുആ ചെയ്യേണ്ടതും പരിശ്രമിക്കേണ്ടതുമായ ആവശ്യമാണുള്ളത്.

ഇസ്ലാമികാധ്യാപനത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നവർ പറയുന്നത്, സ്ത്രീകളെക്കൊണ്ട് പുതപ്പ് പുതപ്പിച്ചും പർദയിടുക എന്നു പറഞ്ഞും അവരുടെ അവകാശങ്ങൾ അപഹരിച്ചുവെന്നാണ്. അപക്വമായ മനസ്സുള്ള പെൺകുട്ടികൾ ചില ഘട്ടങ്ങളിൽ അതിൽ ആകർഷിതരാകുന്നു. പർദകൊണ്ടു ജയിലിടുകയാണെന്നുള്ള ഉദ്ദേശ്യം ഇസ്ലാം എടുക്കുന്നില്ല. വീടിന്റെ നാലു ഭിത്തിക്കിടയിൽ അവളെ തളച്ചിടുക എന്ന ഉദ്ദേശ്യവും അതംഗീകരിക്കുന്നില്ല. എന്തായാലും ലജ്ജയെ നിലനിറുത്തേണ്ടതുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'ഇക്കാലത്ത് പർദയുടെമേൽ ആക്രമണം നടത്തുന്നു. ഇസ്ലാമിക പർദ കൊണ്ടുള്ള ഉദ്ദേശ്യം തടവറയിലിടുകയല്ലെന്ന് ഇവർക്കറിയില്ല. മറിച്ച്, അന്യപുരുഷനും സ്ത്രീയും പരസ്പരം ഒരാൾ മറ്റൊരാളെ കാണാതിരിക്കാൻ തരത്തിലുള്ള ഒരു തടസ്സമാണത്. പർദയുണ്ടാകുമ്പോൾ വഞ്ചനയിൽനിന്ന് രക്ഷപ്പെടും. അന്യപുരുഷന്മാരും സ്ത്രീകളും ധാരണകൂടാതെയും അവിചാരിതമായും കൂടിക്കാണുകയും യാത്ര ചെയ്യുകയും ചെയ്യുമ്പോൾ എന്തുകൊണ്ട് ആത്മാവിന്റെ വികാരങ്ങളാൽ നിർബന്ധപൂർവം വഞ്ചിതരാകുകയില്ലെന്ന് ന്യായശീലനായ ഒരാൾ പറയാനിടയുണ്ട്. അന്യപുരുഷനും സ്ത്രീയും ഒരു വീട്ടിൽ തനിച്ചു കഴിയുന്നത് -വസ്തവത്തിൽ വാതിൽ അടച്ചിരിക്കുന്നതും ന്യൂനതയായി മനസ്സിലാക്കാത്ത ജനതകളെ കുറിച്ച് പലപ്പോഴും കേൾക്കാനും കാണാനും കഴിഞ്ഞിട്ടുണ്ട്. അതൊരു സംസ്കാരമാണത്രെ! ഇതിന്റെ ദുഷ്ഫലം തടയുന്നതിനുവേണ്ടി ഇസ്ലാമിക ശരീഅത്ത് ഏതെങ്കിലും വഞ്ചനയ്ക്കുകാരണമാകുന്ന കാര്യങ്ങൾ സംസാരിക്കുന്നതിനുതന്നെ അനുവാദം നല്കിയില്ല.

# ഹദ്റത്ത്മാരിയഃ ഖിബ്തിയഃ (റ)

*(അമത്തുൽഹഫീദ് റയ്ഹാൻ രചിക്കുകയും ലജ്ന ഇമായില്ലാഹ് പാക്കിസ്താൻ കുട്ടികൾക്കായി പ്രസിദ്ധീകരിക്കുകയും ചെയ്ത 'ഉമ്മുൽമുഅ്മിനീൻ ഹദ്റത്ത് മാരിയഃ ഖിബ്തിയാ റദിയല്ലാഹു അൻഹാ' എന്ന ലഘുകൃതിയോടു കടപ്പാട്)*

നബി(സ)തിരുമേനിയുടെ കണ്ണിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകാൻ തുടങ്ങി. നബി കുനിഞ്ഞ് ഇബ്റാഹീമിന് മുത്തംകൊടുത്തു. എന്നിട്ടു പറഞ്ഞു: 'ഇബ്റാഹീമേ! നമുക്കു ശേഷം വരുന്നവർ മുമ്പേ പോയവരുമായി കൂടിച്ചേരുമെന്നുള്ള അല്ലാഹുവിന്റെ വാഗ്ദാനം സത്യമല്ലായിരുന്നെങ്കിൽ, അല്ലാഹുവിന്റെ കല്പന സത്യമല്ലായിരുന്നെങ്കിൽ ഇതിനെക്കാൾ വലിയ വേദന നമുക്കുണ്ടാകുമായിരുന്നു. ഇബ്റാഹീമേ! നിന്റെ വേർപാടിൽ ഞാൻ ദുഃഖിക്കുന്നു. കണ്ണുകൾ കരയുന്നു. മനസ്സ് വേദനിക്കുന്നു. അല്ലാഹുവിനെ വെറുപ്പിക്കുന്ന വാക്കുകൾ നമുക്ക് പറയാൻ പറ്റുകയില്ല.'

പിന്നീടു നബി(സ)തിരുമേനി ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു: 'ഇബ്റാഹീം എന്റെ മോനാണ്. അവൻ മുലപ്പാൽ കുടിച്ചുകൊണ്ടു വിട പറഞ്ഞു. ഇവനെ മുലയൂട്ടാൻ അല്ലാഹു രണ്ടു ധാത്രിമാരെ സ്വർഗത്തിൽ നിശ്ചയിച്ചിരിക്കുന്നു. അവർ ഇവനെ അവിടെ മുലയൂട്ടുന്നതാണ്.

ഹദ്റത്ത് ഫദ്ൽ ബിൻ അബ്ബാസ്(റ)നിവേദനം. ഉമ്മുബർദഃ(റ) ഹദ്റത്ത് ഇബ്റാഹീമിനെ കുളിപ്പിച്ചു. ചെറിയൊരു കട്ടിലിൽ ജനാസഃ വെച്ചു. അവിടെനിന്ന് ജന്നത്തുൽബഖീഅ് എന്ന ഖബ്ർസ്ഥാനിൽകൊണ്ടുപോയി ഉഥ്മാൻ ബിൻ മദ്ഊന്റെ അടുത്ത് ഖബ്റടക്കി. മയ്യിത്ത് ഖബ്റിൽ ഇറക്കിയത് ഹദ്റത്ത് ഫദ്ൽ ബിൻ അബ്ബാസും(റ) ഹദ്റത്ത് ഉസാമ(റ)യുമായിരുന്നു. ഖബ്റിനു മീതെ വെള്ളം തളിച്ചു. അടയാളമായി ഒരു കല്ല് നാട്ടുകയും ചെയ്തു.

ഹദ്റത്ത് ഇബ്റാഹീം(റ) മരിച്ചപ്പോൾ നബി(സ)തിരുമേനിയും ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യും ക്ഷമയുടെ ഉത്തമ മാതൃകയാണ് കാണിച്ചത്. നബി(സ) ഹദ്റത്ത് ഇബ്റാഹീമിന്റെ മയ്യിത്ത് ഖബറടക്കാൻ കൊണ്ടുപോയി. ഖബ്റിന്നടുത്തെത്തിയപ്പോൾ തന്റെ മോന്റെ ശരീരം സ്വന്തം കൈയിൽവാങ്ങി. ലഹ്ദിൽ വെക്കുന്നതിനായി ഖബ്റിലിറങ്ങി. ലഹ്ദിൽ മയ്യിത്തുവച്ചുകൊണ്ടു നബി(സ)പറഞ്ഞു: 'മോനേ, പോകുക. നിന്റെ സഹോദരൻ ഉഥ്മാൻ ബിൻ മദ്ഊന്റെ(റ) അടുക്കൽ.' ഹദ്റത്ത് ഉഥ്മാൻ ബിൻ മദ്ഊൻ(റ) ഹദ്റത്ത് ഇബ്റാഹീം(റ) മരിക്കുന്നതിന് 6 വർഷം മുമ്പേ മരിച്ചിരുന്നു. നബി(സ)തിരുമേനിക്ക് അവനെ ഏറെ ഇഷ്ടമായിരുന്നു. ഉഥ്മാൻ ഒരു യുദ്ധത്തിൽ ശഹീദാകുകയായിരുന്നു.

ഹദീഥുഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു, നബി(സ) തന്റെ മകൻ ഇബ്റാഹീമിനെക്കുറിച്ചു പറഞ്ഞു: 'ലവ് ആശ ഇബ്റാഹീമ ലക്കാന സിദ്ദീഖൻനബിയ്യാ.' ഇബ്റാഹീം ജീവിച്ചിരുന്നെങ്കിൽ സിദ്ദീഖായ നബി ആകുമായിരുന്നു.

സയ്യിദുനാ ഹദ്റത്ത് ഇബ്റാഹീം(റ) വഫാത്തായ ദിവസം യാദൃച്ഛികമായി സൂര്യഗ്രഹണമുണ്ടായി. വലിയ വലിയ ആളുകൾ മരിക്കുമ്പോൾ സൂര്യനോ ചന്ദ്രനോ ഗ്രഹണമുണ്ടാകുമെന്ന വിശ്വാസം പുരാതന കാലത്ത് ജനങ്ങളിൽ നിലനിന്നിരുന്നു. ഈ വിശ്വാസമനുസരിച്ച് ഹദ്റത്ത് ഇബ്റാഹീം മരിച്ചതുകൊണ്ടാണ് സൂര്യന് ഗ്രഹണമുണ്ടായതെന്ന് മുസ്‌ലീംകളും പറയാൻ തുടങ്ങി. അത് നബി(സ)ഇഷ്ടപ്പെട്ടില്ല. കാരണം അത്തരം ചിന്താഗതി മനുഷ്യന്റെ വിനീത സ്വഭാവത്തിനു വിരുദ്ധമാണ്. നബി(സ) ഉടനെ ജനങ്ങളെ വിളിച്ചുകൂട്ടി. പ്രസംഗത്തിൽ പറഞ്ഞു: 'ആരെങ്കിലും മരിക്കുന്നതുകൊണ്ടു ഗ്രഹണമുണ്ടാകുകയില്ല. അതു അല്ലാഹുവിന്റെ അടയാളങ്ങളിൽപ്പെട്ട രണ്ടടയാളമാണ്. നിങ്ങൾ ഗ്രഹണം കണ്ടാൽ നമസ്കരിക്കുക. അല്ലാഹുവിന്റെ മുമ്പിൽ കുനിയുക.'

ഇക്കാരണത്താലാണ് സൂര്യചന്ദ്ര ഗ്രഹണങ്ങളുണ്ടാകുമ്പോൾ പള്ളിയിലോ തുറന്ന സ്ഥലത്തോ സംഘടിച്ച് രണ്ടു റക്അത്ത് നമസ്കരിക്കണമെന്ന് മുസ്‌ലീംകളോടു കല്പിച്ചിട്ടുള്ളത്. ഈ നമസ്കാരത്തിന്റെ പ്രത്യേകത അതിലെ ഓരോ റക്അത്തിലും രണ്ടു റുകൂഅ് ഉണ്ടെന്നതാണ്. തന്റെ മകന്റെ നിര്യാണത്തോടെ പാരമ്പര്യമായി നിലനിന്നുവന്ന ഒരു തെറ്റായ വിശ്വാസത്തിന് അന്ത്യം കുറിച്ചുവെന്നതിൽ ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യ്ക്ക് അഭിമാനിക്കാവുന്നതാണ്.

സയ്യിദുനാ ഹദ്റത്ത് ഇബ്റാഹീം(റ)ന്റെ നിര്യാണത്തിന് കുറച്ചുകാലം കഴിഞ്ഞപ്പോൾ നമ്മുടെ പ്രിയപ്പെട്ട റസൂലും തന്റെ യജമാനന്റെയടുക്കൽ ഹാജരായി. ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ) തികച്ചും ഏകാന്തവാസിയായിത്തീർന്നു. അധികവും ആരാധനാകർമങ്ങളിൽ ലയിച്ചു. ദൈവസ്മരണയിൽ മുഴുകി. മൂന്നു സ്ഥലങ്ങളിൽമാത്രം ഇടയ്ക്കിടെ പോകുമായിരുന്നു. നബി(സ)തിരുമേനിയുടെ റൗദഃ, നിഷകളങ്കനായ ഇബ്റാഹീമിന്റെ ഖബ്റിടം, തന്റെ സഹോദരി സീരീനെ കാണാൻ.

ഹദ്റത്ത് അബൂബക്കർ(റ)ഉം ഹദ്റത്ത് ഉമർ(റ)ഉം തങ്ങളുടെ ഖിലാഫത്തു കാലത്ത് ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യെ ഒത്തിരി ആദരിച്ചിരുന്നു. അവർക്കു സ്റ്റൈഫന്റ് നിശ്ചയിച്ചിരുന്നു. അത് മരണംവരെ അവർക്കു കിട്ടിക്കൊണ്ടിരുന്നു.

ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ) മുഹർറമാസം 16 ന് ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തു കാലത്താണ് വഫാത്തായത്. ഹദ്റത്ത് ഉമർ(റ)ജനാസഃ നമസ്കരിപ്പിച്ചു. ജന്നത്തുൽ ബഖീയിൽ ഖബ്റടക്കി.

ഇരുലോകത്തിന്റേയും നേതാവായ നമ്മുടെ നബി(സ)തിരുമേനി തന്റെ മറ്റു ഭാര്യമാരോടു പെരുമാറിയിരുന്നതുപോലെ ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യോടും പെരുമാറി. പർദയിലിരിക്കണമെന്ന് അവരോടു കല്പിച്ചിരുന്നു. നബി(സ) ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യോടു അങ്ങേയറ്റം വാത്സല്യത്തോടും അതീവ സ്നേഹത്തോടും പെരുമാറി. അങ്ങേയറ്റം ആദരിച്ചു. നബി(സ)എപ്പോഴും ഉപദേശിക്കാറുണ്ടായിരുന്നു: 'ഖിബ്തികളോടു നല്ല രീതിയിൽ പെരുമാറുക. കാരണം അവരുമായിട്ട് സന്ധിപരമായിട്ടും വംശപരമായിട്ടുമുള്ള ബന്ധമാണുള്ളത്. ഹദ്റത്ത് ഇസ്മായീലി(അ)ന്റെ മാതാവ് ഹാജറയും എന്റെ മകൻ ഇബ്റാഹീമിന്റെ ഉമ്മയും രണ്ടുപേരും അതേ ജനതയിൽ നിന്നുള്ളവരാണ്. ഇതാണ് വംശപരമായിട്ടുള്ള ബന്ധം. സന്ധിയുടെ ബന്ധം, അവരുമായി സന്ധിചെയ്തു കഴിഞ്ഞിരിക്കുന്നുവെന്നതാണ്.

ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ) നബി(സ)തിരുമേനിയുടെ വിയോഗത്തിനുശേഷം 5 വർഷം ജീവിച്ചു. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) പറയുന്നു: 'ഹദ്റത്ത് ഇബ്റാഹീം(റ) ജനിച്ചപ്പോൾ നബി(സ) പറഞ്ഞു, മാരിയായെ അവളുടെ മകൻ സ്വതന്ത്രയാക്കിച്ചിരിക്കുന്നു.'

ഹദ്റത്ത് ആയിശ(റ) പറയുന്നു: 'മാരിയ വന്നപ്പോഴുണ്ടായിരുന്നതുപോലുള്ള അസഹനീയത മറ്റൊരു ഭാര്യമാർ വന്നപ്പോഴും എനിക്കുണ്ടായിട്ടില്ല. കാരണം അവർ അങ്ങേയറ്റം സൗന്ദര്യവതിയും അതീവ സുന്ദരിയുമായിരുന്നു. നബി(സ) അവരെ വളരെ ഇഷ്ടപ്പെട്ടിരുന്നു.'

ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ) ഈജിപ്റ്റുകാരുടേയും ആഫ്രിക്കക്കാരുടേയും അറേബ്യൻ ഉപദ്വീപുകാരുടേയുമിടയിൽ ഖിയാമത്തുന്നാൾവരെ ശക്തമായൊരു ഇടനിലക്കാരിയായിത്തീർന്നു എന്നതുതന്നെ അവർക്കു മതിയായ ബഹുമതിയാണ്. നബി(സ)തിരുമേനി വസ്വിയ്യത്തു ചെയ്തിരുന്നു: "കറുത്ത വർഗക്കാരുടെ കാര്യങ്ങളിൽ മുസ്‌ലിം രാജാക്കന്മാരുടെ കീഴിൽ കഴിയുന്ന അമുസ്‌ലീംകളും സാധാരണ പൗരന്മാരും അല്ലാഹുവിനെ ഭയപ്പെടണം. കാരണം അവർക്കും കുടുംബബന്ധവും വിവാഹബന്ധവും ലഭിച്ചിട്ടുണ്ട്."

മറ്റൊരു ഹദീഥിൽ നബി(സ)തിരുമേനി പറഞ്ഞു: "അടുത്തുതന്നെ നിങ്ങൾ ഈജിപ്റ്റ് കീഴടക്കുന്നതാണ്. ഈജിപ്റ്റുകാരോട് നല്ല നിലയിൽ പെരുമാറണം. കാരണം അവർക്കു സുരക്ഷിതത്വവും കാരുണ്യവും ലഭിച്ചിട്ടുണ്ട്."

കാരുണ്യത്തോടെ പെരുമാറണം പരിഗണനനല്കണം എന്നീ രണ്ടു കല്പനകളുമുണ്ടായത്, ഹദ്റത്ത് മാരിയഃ ഖിബ്തിയാ(റ)യുടെ പദവികൊണ്ടും സ്ഥാനംകൊണ്ടും മുസ്‌ലിം ഉമ്മത്തിനോടു അവർക്കുള്ള അടുത്ത ബന്ധംകൊണ്ടും ആദരവുംകൊണ്ടും നബി(സ)യുടെ ഭാര്യയായതുകൊണ്ടും മാത്രമായിരുന്നു എന്നത് വ്യക്തമാണ്.

---

അത്തരം അവസരത്തിൽ പറഞ്ഞത്, എവിടെയാണോ അന്യപുരുഷനും സ്ത്രീയും ഇരുവരും കൂടിച്ചേർന്നിട്ടുള്ളത് അവിടെ മൂന്നാമനായി അവരിൽ ശയ്ത്വാനുണ്ടെന്നാണ്. യൂറോപ്പ് ഈ നിന്ദ്യമായ ഇത്തരം അധ്യാപനംകൊണ്ട് അനുഭവിച്ചുകൊണ്ടിരിക്കുന്ന അവിശുദ്ധമായ ഫലങ്ങളിൽ ചിന്തിക്കുക. ചിലയിടങ്ങളിൽ തികച്ചും നാണംകെട്ട ജീവിതമാണ് നയിച്ചുകൊണ്ടിരിക്കുന്നത്. ഇത് അധ്യാപനങ്ങളുടെ ഫലമാണ്. ഏതെങ്കിലും കാര്യത്തെ വിശ്വാസവഞ്ചനയിൽനിന്ന് രക്ഷിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ കാത്തുസൂക്ഷിക്കുക. എന്നാൽ, കാത്തുസൂക്ഷിക്കാതിരിക്കുകയും നിഷ്കളങ്കാരായവരാണെന്ന് മനസ്സിലാക്കുകയും ചെയ്താൽ ഓർമിച്ചുകൊള്ളുക! തീർച്ചയായും അക്കാര്യം നശിക്കുന്നതായിരിക്കും. ഇസ്‌ലാമികാധ്യാപനം എത്ര മാത്രം പവിത്രമായ അധ്യാപനമാണ്. അത് പുരുഷനേയും സ്ത്രീയേയും വെവ്വേറെ വച്ചുകൊണ്ട് വഞ്ചിക്കപ്പെടുന്നതിൽനിന്ന് രക്ഷിച്ചു. മനുഷ്യന്റെ ജീവിതം നിഷിദ്ധവും കയ്പുള്ളതുമാക്കിയില്ല. അക്കാരണത്താലാണ് യൂറോപ്പ് ഇന്ന് ആഭ്യന്തരകലഹങ്ങളും ആത്മഹത്യകളും കണ്ടത്. ചില മാന്യരായ സ്ത്രീകളുടെ നാട്യനൃത്തപരമായുള്ള ജീവിതം അന്യസ്ത്രീകളെ കാണുന്നതിന് നല്കപ്പെട്ടിരിക്കുന്ന അനുവാദത്തിന്റെ കർമപരമായ ഫലമാണ്."(മൽഫൂദാത്ത് വാല്യം 1 പേജ് 34-35 1985 ലണ്ടൻ പതിപ്പ്)

പിന്നീട് പർദയുടെ രീതിയെ കുറിച്ച് എങ്ങനെയാണ് പർദ ചെയ്യേണ്ടത്? എന്നതിനെക്കുറിച്ച് അവിടന്ന് പറഞ്ഞു. പറയുന്നു:

അല്ലാഹു പറയുന്നു, വിശ്വാസിനികളോടും അവരുടെ നേത്രങ്ങളെ പരപുരുഷദർശനത്തിൽനിന്ന് തടയുവാനും വിഷയവികാരജന്യങ്ങളായ ഭാഷണങ്ങളെ ശ്രവിക്കാതിരിക്കാനും തങ്ങളുടെ രഹസ്യസ്ഥാനങ്ങളെ നിർബാധം കാത്തുരക്ഷിക്കാനും തങ്ങളുടെ സൗന്ദര്യത്തെ സ്വയം വെളിപ്പെടുന്നതൊഴികെയുള്ള ഭാഗത്തെ അന്യർക്ക് വെളിപ്പെടുത്താതിരിക്കാനും തങ്ങളുടെ മാറിടങ്ങളും ചെവികളും ചെന്നികളും ശിരസ്സുകളും ആച്ഛാദിക്കപ്പെടത്തക്കവിധത്തിൽ പുതപ്പുകൾ മാറിടത്തുകൂടി തലയിൽ ധരിക്കുവാനും നർത്തകികളെപ്പോലെ പാദങ്ങൾ നിലത്തടിച്ചു നടക്കാതിരിക്കാനും പറയുക. ഇതാണ് ചാരിത്രഭ്രംശത്തെ തടുക്കുവാനുള്ള ഒരു മാർഗം."(ഇസ്‌ലാമീ ഉസൂൽ കി ഫലാസഫി റൂഹാനീ ഖസായിൻ വാല്യം 10 പേജ് 341-342)

ഇവിടെ ഇതുംകൂടി വ്യക്തമാക്കട്ടെ. ചില സ്ത്രീകൾ തങ്ങൾ മേക്കപ്പ് ഇട്ടിരിക്കുന്നു, മുഖം നിഖാബ് കൊണ്ട് മറച്ചാൽ തങ്ങളുടെ മേക്കപ്പ് മോശമായിപ്പോകും. അപ്പോൾപ്പിന്നെ എങ്ങനെ പർദ ധരിക്കണമെന്ന് ചോദിക്കാറുണ്ട്. ഒന്നാമത് പറയാനുള്ളത് മേക്കപ്പ് ചെയ്യാതിരിക്കുക എന്നാണ്. അപ്പോൾ ഈ പർദ ഏറ്റവും കുറഞ്ഞ നിലയിലുള്ള പർദയാണ്. അതിന്റെ നിലവാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി; മുഖവും ചുണ്ടും വെളിവാകാവുന്നതാണെന്ന്. മുഖത്തിന്റെ മറ്റുഭാഗം മറച്ചിരിക്കേണ്ടതാണ്.' (റിവ്യൂ ഓഫ് റിലീജ്യൺസ് വാല്യം 4 നമ്പർ 1 പേജ് 17 1905 ജനുവരി)മേക്കപ്പ് ചെയ്യണമെന്നാണെങ്കിൽ എന്തായാലും മറയ്ക്കേണ്ടതായിവരും. അല്ലാഹവിന്റെ അധ്യാപനമനുസരിച്ച് നടന്നുകൊണ്ട് തങ്ങളുടെ സൗന്ദര്യത്തെ മറച്ചുവെക്കണമോ അതോ ലോകത്തിന് നിങ്ങളുടെ സൗന്ദര്യവും നിങ്ങളുടെ മേക്കപ്പും കാണിക്കണമോ എന്ന് ചിന്തിക്കേണ്ടതാണ്.

ആരുടെയൊക്കെ മുമ്പിലാണെന്ന് വിശദമായി പറഞ്ഞിട്ടുണ്ട്; അടുത്തബന്ധുക്കൾ, സഹോദരൻ സഹോദരി, ഭർത്താവ്, പിതാവ്, മാതാവ്, അവരുടെമക്കൾ, എന്നിവരുടെ മുമ്പിൽ സൗന്ദര്യം പ്രകടിപ്പിക്കാനുള്ള കല്പനയുണ്ട്. അവരുടെ മുമ്പിലുമുള്ളത് പർദ ധരിക്കേണ്ട എന്നതു മാത്രമാണ്. മേക്കപ്പ് തുടങ്ങിയവ ചെയ്യുന്നുണ്ടെങ്കിൽ അവരുടെ മുമ്പിൽ ആകാവുന്നതാണ്. അവർക്കുപുറമെയുള്ളവരുടെ മുമ്പിൽ പാടില്ല. ആരുടെ മുമ്പിലാണോ സൗന്ദര്യം പ്രകടിപ്പിക്കാനുള്ള കല്പനയുള്ളത് അതിന്റെ വിശദീകരണം അല്ലാഹു വിശുദ്ധഖുർആനിൽ നൽകിയിരിക്കുന്നു. എല്ലാ ബന്ധങ്ങളും വിവരിച്ചുതന്നിരിക്കുന്നു. സ്വയമേവ പ്രകടമാകുന്ന സൗന്ദര്യമാണത്. അതായത് രൂപം, ഉയരം തുടങ്ങിയവ. ഇതിന്റെ ഉദ്ദേശ്യം വീട്ടുകാരുടെ മുമ്പിലും വീട്ടിലും ഇടുങ്ങിയ ജീൻസും ബ്ലൗസും ധരിച്ച് ചുറ്റിക്കറങ്ങാമെന്നോ നഗ്നത വെളിപ്പെടുന്ന വസ്ത്രങ്ങൾ അവരുടെ മുമ്പിൽ ധരിക്കാമെന്നോ അല്ല. ഈ പർദ വളരെ അടുത്ത സ്വന്തം ബന്ധുക്കൾക്കുവേണ്ടിയുമാണ്.

മറ്റൊരു കാര്യം ഞാൻ മുബല്ലിഗുമാരോടും അവരുടെ ഭാര്യമാരോടും പറയുകയാണ്. തങ്ങളുടെ വസ്ത്രങ്ങളും തങ്ങളുടെ ദൃഷ്ടികളും അവരും വളരെയധികം കാത്തുസൂക്ഷിക്കേണ്ടതാണ്. ജമാഅത്തംഗങ്ങൾ അവരുടെ മാതൃക വീക്ഷിക്കുന്നുണ്ട്. മുറബ്ബിയുടേയും മുബല്ലിഗിന്റേയും ഭാര്യയും മുറബ്ബിതന്നെയാണ്. അവരുടെ എല്ലാ കാര്യങ്ങളിലും ഉന്നത മാതൃക നിലനിറുത്തേണ്ടതാണ്. നമ്മുടെ പുരുഷന്മാരും നമ്മുടെ സ്ത്രീകളും ഹയായുടെ അഥവാ ലജ്ജയുടെ ഉന്നതനിലവാരം നിലനിറുത്തുന്നവരാകട്ടെ. ഇസ്‌ലാമിക കല്പനകളെല്ലാം എല്ലാ രീതിയിലും നമ്മൾ പാലിക്കുന്നവരാകട്ടെ.

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)

ബദ്ർ വീക്കിലി
ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 16 February 2017 Issue-7

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

## ഞാൻ ദീനിന് സേവനം ചെയ്യാൻ നിങ്ങളെ ഉപദേശിക്കണമെന്ന് ആഗ്രഹിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ മുഴുവൻ ജീവിതവും മതസേവന പ്രവർത്തനങ്ങളിൽ അങ്ങേയറ്റം തിരക്കിലിരുന്നാണ് കഴിച്ചത്. അവിടന്ന് കഠിനാധ്വാനിയും ഒരിക്കലും ക്ഷീണിക്കാത്ത ആളുമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത ജീവിത രീതിയെ നിങ്ങളും സ്വായത്തമാക്കേണ്ടതാണ്. കഴിയുന്നത്ര ദീനീ പ്രവർത്തനങ്ങളിൽ പങ്കെടുക്കേണ്ടതാണ്. ഇതുവരെ ഇതിന് തൗഫീഖ് കിട്ടിയിട്ടില്ലാത്തവർ മുന്നിലേക്ക് വരികയും ജമാഅത്തിന്റെ സേവനത്തിനായി തങ്ങളെ സമർപിക്കുകയും അങ്ങനെ തങ്ങളുടെ സ്വന്തം ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുള്ള സാധനസാമഗ്രികൾ ഒരുക്കുകയും ചെയ്യേണ്ടതാണ്.

### സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് 2016 ലെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ-അത്ഫാലുൽ അഹ്മദിയ്യാ വാർഷിക ഇജ്തിമായിൽ അയച്ച സന്ദേശം

ലണ്ടൻ
24-9-2016

ഭാരതത്തിലെ പ്രിയപ്പെട്ട ഖുദ്ദാം-അത്ഫാൽ

السلام علیکم ورحمۃ اللہ وبرکاتہ

നിങ്ങൾക്കു നിങ്ങളുടെ സാലാന ഇജ്തിമാ സംഘടിപ്പിക്കാൻ ഭാഗ്യം കിട്ടിയിരിക്കുന്നു എന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അല്ലാഹു ഈ ഒത്തുചേരൽ എല്ലാവിധത്തിലും അനുഗൃഹീതമാക്കുമാറാകട്ടെ. ആമീൻ.

ഈ അവസരത്തിൽ സന്ദേശം അയച്ചുതരണമെന്ന് എന്നോടു അപേക്ഷിച്ചിരിക്കുകയാണ്. ഞാൻ ദീനിന് സേവനം ചെയ്യാൻ നിങ്ങളെ ഉപദേശിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇക്കാലം ഭൗതികവാദത്തിന്റെ കാലമാണ്. നാലുഭാഗത്തും ധനം സമ്പാദിക്കുന്നതിനും ഭൗതികാവശ്യങ്ങൾ പൂർത്തിയാക്കുന്നതിനുമുള്ള നെട്ടോട്ടമാണ്. സമൂഹികമായ തിന്മകളും ധാർമികമായ ബലഹീനതകളും എല്ലായിടത്തും സാധാരണയായിരിക്കുന്നു. ജനങ്ങളുടെ തിരക്കുകളും ചായ്‌വുകളും മാറിപ്പോയിരിക്കുന്നു. മുൻഗണനകൾ വിവിധങ്ങളായി കഴിഞ്ഞിരിക്കുന്നു. മതത്തിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്ന അന്തരീക്ഷമാണ് എല്ലാ ദിക്കിലും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. പക്ഷേ, ഒരു മുഅ്മിന് ഇക്കാര്യങ്ങളിൽ തൃപ്തനാകാനും സന്തോഷിക്കാനും കഴിയുമോ? ഒരിക്കലുമില്ല. അല്ലാഹു കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാൻ തൗഫീഖ് നല്കിയ മുഅ്മിനാണ് നിങ്ങൾ. ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ മുഴുവൻ ജീവിതവും മതസേവന പ്രവർത്തനങ്ങളിൽ അങ്ങേയറ്റം തിരക്കിലിരുന്നാണ് കഴിച്ചത്. അവിടന്ന് ഗ്രന്ഥങ്ങളെഴുതി. ആളുകളുമായി സംവാദങ്ങൾ നടത്തി. വിവിധ സ്ഥലങ്ങളിൽ യാത്ര ചെയ്തു. എപ്പോഴും ആളുകൾ ഖാദിയാനിൽ വന്നിരുന്നു. അവരുടെ ആഗ്രഹമനുസരിച്ച് അവിടന്ന് അവർക്കു കൂടിക്കാഴ്ചയ്ക്കുള്ള അവസരങ്ങൾ നല്കി. അവിടന്ന് കഠിനാധ്വാനിയും ഒരിക്കലും ക്ഷീണിക്കാത്ത ആളുമായിരുന്നു. അതുകൊണ്ട് ഈ അനുഗൃഹീത അസ്തിത്വത്തെ വിശ്വസിക്കുകയും ആ മഹാത്മാവിന്റെ ബയ്ത്തിൽ അണിചേരുകയും ചെയ്ത നിങ്ങൾ ഭാഗ്യവാന്മാരാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത ജീവിത രീതിയെ നിങ്ങളും സ്വായത്തമാക്കുകയും കഴിയുന്നത്ര ദീനീപ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്. ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞ മാത്രം പോര. അതനുസരിച്ചുള്ള പ്രവർത്തനവും അനിവാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

“കഴിയുമെങ്കിൽ ദീനിന് സേവനം ചെയ്യേണ്ടതാണ്. മനുഷ്യന്റെ സമയം, അസ്തിത്വം, ശക്തികൾ, ധനം, ജീവൻ അല്ലാഹുവിന്റെ ദീനിന്റെ സേവനത്തിൽ ചെലവഴിക്കുന്നതിനെക്കാൾ വലിയ സൗഭാഗ്യം മറ്റെന്താകാനാണ്.നമുക്ക് രോഗമുണ്ടാകുമോ എന്ന ശങ്കയാണുള്ളത്. ഇല്ലെങ്കിൽ രാത്രി മുഴുവൻ സേവനം ചെയ്യണമെന്നാണ് മനസ്സ് ആഗ്രഹിക്കുന്നത്.”(മൽഫൂദാത്ത് വാള്യം 3 പേജ് 112)


വീണ്ടും പറയുന്നു:“യാത്ര ചെയ്യുകയാണെങ്കിൽ ദീനിന്റെ ഉദ്ദേശ്യത്തോടുകൂടി ചെയ്യുക. ഭൗതികോദ്ദേശ്യത്തോടെയുള്ള യാത്ര പാപമാകുന്നു. എല്ലാ ഓരോ കാര്യത്തിലും കുറച്ചൊക്കെ ദീനിലേക്ക് മടങ്ങുമ്പോഴാണ് മനുഷ്യൻ നന്നായിത്തീരുന്നത്. എന്തെങ്കിലും കുറച്ച് ദീനീവശം ലഭ്യമാകണമെന്ന ഉദ്ദേശ്യത്തോടുകൂടി ഓരോ മജ്ലിസിലും പോകുക. ഹദീഥുശരീഫിൽ എഴുതിയിരിക്കുന്നു, ഒരാൾ വീട് ഉണ്ടാക്കിച്ചു. അല്ലാഹുവിന്റെ റസൂൽ(സ)ന്റെ സന്നിധിയിൽ ആ മഹാത്മാവിന്റെ കാല്പാദം പതിഞ്ഞ് അനുഗ്രഹമുണ്ടാകുന്നതിന് വിട്ടീൽ വരാൻ ക്ഷണിച്ചു. ആ മഹാത്മാവ് അവിടെ ചെന്നപ്പോൾ ഒരു ജനൽപടി കണ്ടു. ഇതെന്തിനാണ് വെച്ചിരിക്കുന്നതെന്ന് ചോദിച്ചു. തണുത്ത കാറ്റാൻ വരാനാണെന്ന് അയാൾ മറുപടി നല്കി. നബി(സ)തിരുമേനി പറഞ്ഞു:‘ബാങ്കിന്റെ ശബ്ദം കേൾക്കാനാണെന്ന് നീ ഉദ്ദേശിച്ചിരുന്നെങ്കിൽ തണുത്തകാറ്റും വരും പുണ്യവും കിട്ടുമായിരുന്നു.”(മൽഫൂദാത്ത് വാള്യം 2 പേജ് 603-604)

ധാരാളമാളുകൾ ദീനീസേവനം ചെയ്യുന്നത് ഇഷ്ടപ്പെടുന്ന ഒരു പ്രിയപ്പെട്ട ജമാഅത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ അല്ലാഹുവിന് ശുക്ർ ചെയ്യുകയാണ്. അവർക്ക് ഒരു പ്രാവശ്യം ഈ താല്പര്യമുണ്ടായിക്കഴിഞ്ഞാൽ അവരുടെ വീടും അവർക്ക് ജമാഅത്തിന്റെ ഓഫീസായി കാണപ്പെടുന്നതാണ്. അവരുടെ കാര്യങ്ങൾ ദീനീപരമായിരിക്കും. അവരുടെ സുഹൃത്തും പൊതുവെ ഏതെങ്കിലും രീതിയിൽ ദീനിന് സേവനം ചെയ്യുന്നവരായിരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറഞ്ഞു: ഭൗതികമായ മാഹാത്മ്യവും ദീനിൽനിന്നാണ് ലഭിക്കുന്നത്.”((മൽഫൂദാത്ത് വാള്യം 3 പേജ് 387)

അതിനാൽ ഇതുവരെ ഇതിന് തൗഫീഖ് കിട്ടിയിട്ടില്ലാത്തവർ മുന്നിലേക്ക് വരികയും ജമാഅത്തിന്റെ സേവനത്തിനായി തങ്ങളെ സമർപിക്കുകയും അങ്ങനെ തങ്ങളുടെ സ്വന്തം ആത്മീയവും ഭൗതികവുമായ അഭിവൃദ്ധിക്കുള്ള സാധനസാമഗ്രികൾ ഒരുക്കുകയും അല്ലാഹുവിൽനിന്ന് ഇറങ്ങുന്ന അനുഗ്രഹങ്ങളെ സ്വന്തം സത്തയിൽ ദർശിക്കുകയും ചെയ്യുക. അല്ലാഹു നിങ്ങൾക്ക് ഈ ഉപദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ

വസ്സലാം
വിനീതൻ



خلیفۃالمسیح الخامس

ഖലീഫത്തുൽ മസീഹ് അൽഖാമിസ്




Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin